മലങ്കര
വിശ്യോജിതൻ

പുസ്തകം ൭ | ൧൦൮൫ കർക്കടകം | ലക്കം ൧൨

# തമരുകൊണ്ടു തുളച്ച കാതു്.

മെറ്റ്റോപ്പോലിറ്റൻ റാബർനാക്കിളിൽ വച്ചു് സി. എച്ച്. സ്പർജൻ ചെയ്ത ഒരു പ്രസംഗം.

"എന്നാൽ ദാസൻ: ഞാൻ എന്റെ യജമാനനേയും എന്റെ ഭാൎയ്യയേയും മക്കളേയും സ്നേഹിക്കുന്നു; ഞാൻ സ്വതന്ത്രനായി പോകയില്ല എന്നു തീൎത്തു പറഞ്ഞാൽ യജമാനൻ അവനെ ദൈവസന്നിധിയിൽ കൂട്ടിക്കൊണ്ടു ചെന്നു കതകിന്റെയോ കട്ടളക്കാലിന്റെയോ അടുക്കൽ നിറുത്തീട്ടു സൂചികൊണ്ടു അവന്റെ കാതു കുത്തിത്തുളയ്ക്കേണം; പിന്നെ അവൻ എന്നേക്കും അവനു ദാസനായിരിക്കേണം." പുറ. 21: 5, 6.

പുരാതനയെഹൂദന്മാരുടെ ഇടയിലുണ്ടായിരുന്ന അടിമയേൎപ്പാടു് മനുഷ്യവൎഗ്ഗത്തിനു് അവമാനകരമായി സ്ഥിതിചെയ്യുന്ന നവീനകാലത്തെ അടിമക്കച്ചവടത്തിൽ നിന്നു വളരെ ഭേദപ്പെട്ടതായിരുന്നു. മാത്രമല്ല യാതൊരു രൂപത്തിലുമുള്ള അടിമയേൎപ്പാടും മോശ സ്ഥാപിച്ചിരുന്നില്ലെന്നുകൂടി ഓൎക്കേണ്ടതാണു്. തത്സംബന്ധമായി അവൻ ഉണ്ടാക്കിയ നിയമങ്ങൾ അടിമത്തനത്തെ ശമത്തി, അതായതു അതിന്റെ വിസ്തൃതി ചുരുക്കി ഒടുവിൽ അതിനെ അവസാനിപ്പിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി നിൎമ്മിച്ചിട്ടുള്ളവയായിരുന്നു. ഭാൎയ്യാപരിത്യാഗത്തിനുള്ള നിയമം പോലെയായിരുന്നു ഇതു സംബന്ധിച്ചുള്ള നിയമവും. ഉടക്കിക്കളവാൻ പാടില്ലാതവണ്ണം ജനങ്ങളുടെ ഹൃദയത്തിൽ അതു ആഴമായി അതു വേരിറങ്ങിയിട്ടുണ്ടു് എന്നു കണ്ടു കൊണ്ടാണു് അതിനു് ഒരു വ്യവസ്ഥയുണ്ടാക്കിയതു്. യേശു പറഞ്ഞിരിക്കുന്നതുപോലെ അവരുടെ ഹൃദയകാഠിന്യം നിമിത്തമത്രേ തങ്ങളുടെ ഭാൎയ്യമാരെ ഉപേക്ഷിപ്പാൻ മോശ അവരെ അനുവദിച്ചതു്. ഇതുപോലെ അവരുടെ ഹൃദയകാഠിന്യം നിമിത്തമാകുന്നു അടിമകളെ വച്ചുകൊണ്ടിരിക്കണമെന്നുള്ള നിൎബന്ധത്തെ അവൻ അനുവദിച്ചുകൊടുത്തതു് എന്നു പറയാം. ഇതുവശം. അടിമത്തനം അക്കാലത്തു് അനിവാൎയ്യമായിരുന്നെങ്കിലും വളരെ ഖ

ണ്ഡിതമായ നിയമങ്ങളും, അതായതു മിക്കവാറും അടിമയേപ്പറ്റ തടയത്തക്ക നിയമങ്ങളുമാണു മോശ നിർമ്മിച്ചതു്. ഈ ദാസ്യനിയന്ത്രണത്തിനുള്ള മററു വ്യവസ്ഥകളുടെ കൂട്ടത്തിൽ ഒന്ന് ഇതായിരുന്നു: ഒരു അടിമ തന്റെ യജമാനന്റെ അടുക്കൽനിന്ന് ഓടിക്കളഞ്ഞാൽ അവനെ തിരികെ യജമാനന്റെ അടുക്കൽ അയപ്പാൻ ആരെങ്കിലും ഉദ്യമിച്ചാൽ അതു കുററകരമായിരുന്നു. ഇഷ്ടമുണ്ടെങ്കിൽ ഒരടിമയ്ക്കു് ഓടിപ്പോകാം എന്നു വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതിൽനിന്ന് സ്ഥിരമായി ആരും അടിമകളായിരിക്കണമെന്നില്ലെന്നു വളരെ തെളിവായി കാണ്മാൻ കഴിയും. അവനെ വീണ്ടും വരുവാൻ പ്രേരിക്കയെന്നുള്ളതു് ആർക്കും കരണീയമല്ലായിരുന്നുവെന്നു മാത്രമല്ല അങ്ങിനെ ആരു ചെയ്താലും അതു് പാപവ്യമായിരുന്നു. തനിക്ക് ഇഷ്ടമുള്ളപ്പോൾ ഒരടിമയ്ക്കു യജമാനനെ വിട്ടു പോകാൻ കഴിയുമെങ്കിൽ ആ അടിമത്തനം അനേക ഭൂഭാഗങ്ങളിൽ ഇപ്പോഴും ലുപ്തമാക്കിക്കിത്തീർത്തിട്ടുള്ള അടിമത്തനത്തിൽനിന്നു വളരെ വ്യത്യസ്തമായ ഒന്നാകുന്നു. ഈ വ്യത്യസ്തദാസ്യവൃത്തിക്കുണ്ടായ ഹേതു ചിലപ്പോൾ താഴെവരും പ്രകാരമായിരുന്നു. തങ്ങളുടെ കടം കൊടുത്തു തീർപ്പാൻ കഴിവില്ലാത്ത ചിലയാളുകൾ ക്ലിപ്തപ്പെടുത്തപ്പെട്ട ഏതാനും വർഷത്തേക്ക് അതായതു ഈ ദേശത്തു കാണുന്നതു പോലെ ആറു വർഷത്തേക്കു ഉത്തമർണ്ണന്മാർക്കു ശുശ്രൂഷചെയ്തുകൊടുപ്പാൻ നിയമത്താൽ നിർബന്ധിക്കപ്പെട്ടിരുന്നു. മോഷ്ടിച്ച ഒരാളിന്റെ സംഗതിയിൽ കാരാഗ്രഹസംബന്ധമായ ചെലവുലാഭിപ്പാൻ ചിലപ്പോൾ മോഷ്ടിച്ചതിന്റെ ഏഴിരട്ടി പിഴ അവനെക്കൊണ്ടു് ഒടുക്കിച്ചുവന്നു. എന്നാൽ മോഷ്ടാവിനു പണമില്ലെങ്കിൽ ദാസ്യവൃത്തിചെയ്തു പണമുണ്ടാക്കി തന്നത്താൻ സ്വതന്ത്രീകരിക്കുന്നതു വരെയ്ക്കും അവനെ അടിമത്തനത്തിൽ ആക്കിവന്നു. ഇതു തീരെ നീതീകരിപ്പാൻപാടില്ലാത്ത ഒരു വ്യവസ്ഥയല്ലെന്നുള്ളതു സ്പഷ്ടമാണല്ലോ. പരുഷമായ ഒരുതരം നീതി ധാരാളം ഈ വ്യവസ്ഥയ്ക്കുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ചിലപ്പോൾ തീരെ ദരിദ്രനായ ഒരുവൻ തന്നെ പാർപ്പിക്കുന്നതിനും തനിക്കു വസ്ത്രം നൽകുന്നതിനും തന്നെ പോഷിപ്പിക്കുന്നതിനും ഒരുക്കുന്ന വല്ല ധനികനും മേല്പറഞ്ഞവിധത്തിലുള്ള ഷഡ്വർഷസേവനം ചെയ്തുകൊടുപ്പാൻ മനസ്സുണ്ടാകുമായിരുന്നു. ഇംഗ്ലണ്ടിന്റെ ചില ഭാഗങ്ങളിൽ ഈമാതിരി ഏർപ്പാട് ഇപ്പോഴും ധാരാളമുണ്ടല്ലോ. അവിടങ്ങളിൽ യജമാനന്മാർ ഒരാളിന്റെ സേവനം ആണ്ടുവാടകയ്ക്കെടുക്കുന്നു. സേവനത്തിനു തക്ക ശമ്പളവും ആഹാരവും നൽകുകയുംചെയ്യുന്നു. എന്നാൽ ഒരു മനുഷ്യൻ കടംവീട്ടുവാൻ കഴിവില്ലായ്കയാലോ മറോ യജമാനനു തന്നെ വിററശേഷം സേവനത്തിനുള്ള കാലാവധി അവസാനിച്ചാൽ അതായതു് ആറുകൊല്ലംകഴിയുന്ന ഘട്ടത്തിൽ ആ ദാസനു സ്വതന്ത്രനായി പോകാം എന്നു ന്യായപ്രമാണം പറയുന്നു. അത്ഥാൽ, അവന്റെ യജമാനന്റെ ഭവനത്തെ വിട്ടു തനിക്കു ഇഷ്ടമുള്ള സ്ഥലത്തേക്കു പോകുവാൻ അവനു ധാരാളം സ്വാതന്ത്ര്യമുണ്ട്. അക്കാലത്തു് ഇസ്രായേല്യരുടെ ഇടയിലുണ്ടായിരുന്ന ദാസ്യവൃത്തി തീരെ പ്രയാസം കുറഞ്ഞതും യഥാർത്ഥത്തിൽ ദാസനു് ഉപകാരപ്രദവുമെന്ന് ഈ അടിമകൾക്കു സ്വതന്ത്രരായി പോകുവാൻ മനസ്സില്ലാതിരുന്നതിൽനിന്ന് അനുമാനിക്കാം. തങ്ങളുടെ യജമാനന്മാർക്കു

ദാസരായിരിക്കയാണ് സ്വാതന്ത്ര്യത്തെക്കാൾ അധികം നല്ലതെന്നു ഈ അടിമകൾ കണ്ടു് ശാശ്വതദാസ്യം അവർ തിരഞ്ഞെടുത്തുവന്നു. എന്നാൽ അവർ മാത്രം അറിഞ്ഞു ചെയ്യുന്ന ഈ ഏർപ്പാട്ടു് അഭിലഷണീയമല്ലാത്തതുകൊണ്ടും ഉപദ്രവികളായ യജമാനന്മാർ ദാസന്മാരെ ഭയപ്പെടുത്തി ഇങ്ങനെ ഒരു ഉടമ്പടി ഉണ്ടാക്കുവാൻ ഇടയുള്ളതുകൊണ്ടും ദാസ്യത്തിന്റെ ഈ ശാശ്വതീകരണം ന്യായാധിപന്മാരുടെ മുൻപിൽ കൊണ്ടുവരണമെന്നു വ്യവസ്ഥചെയ്യപ്പെട്ടു. ദാസൻ അവരുടെ മുൻപിൽ തന്റെ ഈ മനോനിശ്ചയം തീർത്തു പറയണം. (തീർത്തുപറകയെന്ന ഈ വാക്കു പ്രത്യേകം സൂക്ഷിക്ക) വളരെ തെളിവായും സ്ഫുടമായും അവൻ അതു പറയണം. ശ്രോതാക്കൾക്കു യാതൊരു സംശയത്തിനും ഇടയാകരുതു്. തന്റെ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്താതെ മുൻ സ്ഥിതിയിൽ ഇരിപ്പാൻ മാത്രമാണ് തന്റെ ആഗ്രഹമെന്നുള്ളതു് യഥാർത്ഥമായിരിക്കണം. ഇതിനോടുകൂടി യജമാനനേയും ദാസ്യവൃത്തിയിൽ തനിക്കു ലഭിച്ച ഭാര്യയെയും കുഞ്ഞുങ്ങളെയും സ്നേഹിക്കുന്നു എന്നുള്ള കാരണം പ്രസ്താവിക്കയും ചെയ്താൽ വീട്ടുവാതിൽക്കൽവച്ചു അവന്റെ കാതു തുളയ്ക്കണം. അവൻ തർക്കിച്ചു് എനിക്കതിനു സമ്മതമില്ല എന്നു പറഞ്ഞു് ശരിയായവിധത്തിൽ തന്നെ വിമോചിപ്പിക്കത്തക്കവണ്ണം ഈ ചടങ്ങു സ്വല്പം പ്രയാസമുള്ളതായിരുന്നു. എന്നാൽ വേദനയുണ്ടാക്കുന്ന ഈ കർമ്മത്തിനു അവൻ സമ്മതിച്ചതു മറ്റാരുടെയും നിർബന്ധം കൂടാതെ സ്വന്തനിശ്ചയപ്രകാരമാണെന്നു ന്യായാധിപന്മാരുടെ മുൻപിൽ പ്രസ്താവിക്കുന്നതായാൽ ആയുഷ്കാലം മുഴുവൻ തന്റെ തിരഞ്ഞെടുക്കപ്പെട്ട യജമാനന്റെ ഭൃത്യനായി ജീവിക്കേണ്ടതാകുന്നു.

ഇതിനെ ഒരു സദൃശമായി സ്വീകരിച്ചുകൊണ്ടു് ദൈവാനുഗ്രഹത്താൽ ചില സന്മാർഗ്ഗപാഠങ്ങൾ, ഇതിൽനിന്നു ഉൽഭാവനംചെയ്‌വാൻ ഞങ്ങൾ വിചാരിക്കുന്നു. മനുഷ്യർ സ്വഭാവേന പാപത്തിന്റെ അടിമകളത്രേ. ചിലർ മദ്യപാനത്തിനും, ചിലർ ഭോഗേച്ഛയ്ക്കും; ചിലർ ദ്രവ്യാഗ്രഹത്തിനും, ചിലർ മടിക്കും അടിമകളായി ജീവിക്കുന്നു. എന്നാൽ സാധാരണയായി മനുഷ്യരുടെ ആയുസ്സിൽ അവരുടെ ഈ മുറുക്കം മാറി സംഗതികൾ അടുത്തു വരുന്ന ഘട്ടങ്ങൾ ഉണ്ടു്. ദൈവകരുതലിന്റെ ഫലമായി പഴയ കൂട്ടുകാരിൽനിന്നു് അവരെ അകറ്റുന്ന ചില മാറ്റങ്ങൾ അവർക്കുണ്ടാകുന്നു. അപ്പോൾ സ്വാതന്ത്ര്യം ചെറുതായി അവരിൽ അങ്കുരിക്കുന്നു. അല്ലാത്തപക്ഷം പ്രലോഭനങ്ങളിൽനിന്നു് അവരെ അകറ്റുന്ന രോഗങ്ങൾ നേരിടുന്നു. ഇതു് സ്വന്തകാര്യങ്ങളെക്കുറിച്ചു ചിന്തിപ്പാനുള്ള അവസരം അവർക്കുണ്ടാകുന്നു. എല്ലാററിനും മീതെ വചനത്തിന്റെ വിശ്വസ്തപ്രസംഗകന്മാർ വഴിയായി മനസ്സാക്ഷി വേല ചെയ്‌വാൻ തുടങ്ങുന്ന അവസരങ്ങൾ വന്നുകൂടുന്നു. അപ്പോൾ മനുഷ്യൻ തന്റെ ആത്മാവിനോടു് ഇപ്രകാരം ചോദിക്കുന്നു:— ഇതെന്തായിരിക്കും. ഞാൻ പിശാചിന്റെ ഒരു ദാസനാണല്ലോ. സ്വാതന്ത്ര്യം പ്രാപിക്കുവാൻ ഇപ്പോൾ അവസരമുണ്ടു്. ഞാൻ ഈ പാപത്തെ ഉപേക്ഷിക്കുമോ? ശരിയായ വഴികണ്ടുപിടിച്ചു് ഒരു പുതിയ മനുഷ്യനാകുവാൻ എനിക്കു കൃപ നൽകണമെന്നു ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുമോ? അതോ ഇല്ലയോ?" ഇവിടെയിരിക്കുന്ന വല്ല പാപിക്കും ഇങ്ങ

ദാസരായിരിക്കയാണ് സ്വാതന്ത്ര്യത്തെക്കാൾ അധികം നല്ലതെന്നു ഈ അടിമകൾ കണ്ട് ശാശ്വതദാസ്യം അവർ തിരഞ്ഞെടുത്തുവന്നു. എന്നാൽ അവർ മാത്രം അറിഞ്ഞു ചെയ്യുന്ന ഈ ഏർപ്പാട് അഭിലഷണീയമല്ലാത്തതുകൊണ്ടും ഉപദ്രവികളായ യജമാനന്മാർ ദാസന്മാരെ ഭയപ്പെടുത്തി ഇങ്ങനെ ഒരു ഉടമ്പടി ഉണ്ടാക്കുവാൻ ഇടയുള്ളതുകൊണ്ടും ദാസ്യത്തിന്റെ ഈ ശാശ്വതീകരണം ന്യായാധിപന്മാരുടെ മുൻപിൽ ന്റെ തെരഞ്ഞെടുക്കപ്പെട്ട യജമാനന്റെ ഭൃത്യനായി ജീവിക്കേണ്ടതാകുന്നു.

ഇതിനെ ഒരു സദൃശമായി സ്വീകരിച്ചുകൊണ്ട് ദൈവാനുഗ്രഹത്താൽ ചില സന്മാർഗ്ഗപാഠങ്ങൾ, ഇതിൽനിന്നു ഉദ്ധാവനംചെയ്വാൻ ഞങ്ങൾ വിചാരിക്കുന്നു. മനുഷ്യർ സ്വഭാവേന പാപത്തിന്റെ അടിമകളത്രേ. ചിലർ മദ്യപാനത്തിനും, ചിലർ ഭോഗേച്ഛയ്ക്കും, ചിലർ ദ്രവ്യാഗ്രഹത്തിനും, ചിലർ മടിക്കും അടിമകളായി ജീവിക്കുന്നു. എ



ന്നെയൊരവസരം തന്റെ ആയുസ്സിൽ ഉണ്ടായിരുന്നിരിക്കാം. പ്രിയ സ്നേഹിതാ, ആ ഘട്ടത്തെ നിസ്സാരീകരിക്കരുതെന്ന് എനിക്കപേക്ഷയുണ്ട്. കാരണം, ഇങ്ങനെയുള്ള ഘട്ടങ്ങൾ എപ്പോഴും ഉണ്ടാകയില്ല. അവസരം വരികയും നീ അതിനെ മനഃപൂർവം നിഷേധിക്കയും ചെയ്താൽ അത് ഒരിക്കലും തിരികെ വരാതെ പോകും. വികാരങ്ങൾക്ക് അടിമയായിക്കിടക്കുവാൻ നീ തീരുമാനിച്ചാൽ വികാരങ്ങൾ നിശ്ചയമായി നിന്നെ അടിമപ്പെടുത്തും. ഒരു പാത്രം മദ്യത്തിനു നീ അടിമയായാൽ പിച്ചളവിലങ്ങുകളാൽ ബന്ധിക്കപ്പെട്ടു കിടക്കുന്ന അടിമയെപ്പോലെ സ്വന്ത ആകർഷണശക്തിയാൽ മദ്യം നിന്നെ ബന്ധിച്ചുകൊള്ളും. അവിശ്വാസത്തിന്റേയും ജഡസന്തോഷങ്ങളുടേയും അടിമയാകുവാൻ നിങ്ങൾ ഇച്ഛിക്കുന്നപക്ഷം അതു നിങ്ങളെ ഉരുക്കു വിലങ്ങുകൾകൊണ്ടു ബന്ധിച്ചു താഴ്ത്തിക്കളയും. മനുഷ്യർക്കു സ്വാതന്ത്ര്യപ്പെടുവാൻ സന്ദർഭമുണ്ടാകുമ്പോൾ അവർ കിടക്കുന്ന കാരാഗൃഹത്തിന്റെ വാതിൽ തൽക്ഷണം പൂട്ടപ്പെട്ടിരിക്കുന്നതായി കാണും. "മിക്കവാറും ഒരു ക്രിസ്ത്യാനിയായിത്തീരുവാൻ നീ ഉദ്യുക്തപ്പെട്ടതിൽ പിന്നീട് മനസ്സാക്ഷിയിൽ അവർക്കു കുത്തലുണ്ടാകുന്നതേയില്ല. നിർഭയമായി അവർ പാപം ചെയ്യുന്നു. നരകത്തിലേക്കു അവർ വർദ്ധമാനമായ വേഗത്തോടുകൂടി ഇറങ്ങിപ്പോകുന്നു. ഇങ്ങിനെയുള്ള ചിലരെ ഞാൻ കണ്ടിട്ടുണ്ട്. അവരെക്കുറിച്ച് എനിക്കു നല്ല ആശയുണ്ടായിരുന്നു. ദുരാത്മാവ് അവരെവിട്ടു പുറപ്പെട്ടു. എന്നാൽ അത് അല്പകാലത്തേക്കു മാത്രമായിരുന്നു. കൃപാവരം ആ വീട്ടിൽ പാർത്തിരുന്നുവെങ്കിൽ ദുരാത്മാവ് ഒരിക്കലും തിരികെ വരികയില്ലായിരുന്നു. എന്നാൽ അവർ ആ ദുരാവിയെ വീണ്ടും മാടി വിളിച്ചു. തന്നേക്കാൾ ദുഷ്ടതയേറിയ മറ്റ് ഏഴു പിശാചുക്കളോടുകൂടി അവൻ വന്നു. ഒരിക്കൽ ആശിക്കാൻ വകയുണ്ടായിരുന്ന ഈ ആളുകളുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ വഷളായിത്തീർന്നു. പാപത്തിന്റെ അടിമയായുള്ളോവേ, നീ സ്വാതന്ത്ര്യപ്പെടുമോ? നിന്റെ ആറുവർഷങ്ങൾ ഇന്നു തീർന്നിരിക്കുന്നു. നീ സ്വാതന്ത്ര്യപ്പെടുമോ? ദൈവത്തിന്റെ ആത്മാവ് എല്ലാചങ്ങലയും പൊട്ടിപ്പാൻ നിനക്കു സഹായിക്കും. വീണ്ടെടുപ്പുകാരൻ നിന്റെ വിലങ്ങുക

യറിന്റെ ആരാധകന്മാരും നിന്റെ വികാരങ്ങളുടെ നീച വിടുപണിക്കാരനുമായി തീരും. "സ്വാതന്ത്രനായിത്തീരുവാൻ ആഗ്രഹിക്കുന്നവൻ ചങ്ങല പൊട്ടിക്കണം" എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. എന്നാൽ അതിനെ ഞാൻ ഒന്നു പരിഷ്കരിക്കാം. സ്വാതന്ത്ര്യത്തെ കാംക്ഷിക്കുന്നവൻ ചങ്ങല പൊട്ടിക്കുവാൻ ക്രിസ്തുവിനെ നോക്കി നിലവിളിക്കണം. എന്നാൽ അതു പൊട്ടിപ്പാൻ അവനു മനസ്സില്ലാതെ ഇരിക്കയും തന്റെ ബന്ധനങ്ങളെ ആശ്ലേഷിക്കയും ചെയ്യുന്നുവെങ്കിൽ അവന്റെ രക്തം അവന്റെ തലയിൽ തന്നെ നിൽക്കും.

ക്രിസ്ത്യാനിയെ, നിനക്കുള്ള പാഠം ഇതാകുന്നു. സാത്താന്റെ സേവകന്മാർ അവരുടെ യജമാനനെ അത്ര നല്ലവണ്ണം സ്നേഹിക്കുന്നുവെങ്കിൽ നിന്റെ യജമാനനെ നീ എത്ര നന്നായി സ്നേഹിക്കേണ്ടതാകുന്നു. അവരുടെ സേവനം തങ്ങളുടെ ഭവനങ്ങളിൽ അരിഷ്ടതയേയും ശരീരങ്ങൾക്കു രോഗത്തേയും തലയ്ക്കു വേദനയേയും കണ്ണുകൾക്കു ചുവപ്പിനേയും മടിശ്ശീലയ്ക്കു ദാരിദ്ര്യത്തേയും കൊണ്ടുവരുമ്പോഴും അവർ തങ്ങളുടെ യജമാനന്റെ ശുശ്രൂഷയോടു ഒന്നുകൂടി പററിച്ചേർന്നുകൊള്ളുമെങ്കിൽ തന്റെ നുകം ഇമ്പവും ചുമടു ലഘുവുമായ നിന്റെ നല്ലവനും വാഴ്ത്തപ്പെട്ടവനുമായ യജമാനനെ വിട്ടുപോകുന്ന സംഗതി എപ്പോഴെങ്കിലും ഒന്നു വിചാരിക്കുവാൻ നിനക്കു സാധിക്കുമോ? അവർ സാത്താനെ നരകത്തിലേക്കു് അനുഗമിക്കുമെങ്കിൽ, യേശു എന്നെ പ്രളയങ്ങളിലും ജ്വാലകളിലും കൂടി നടത്തുന്നതായാലും, അവൻ പോകുന്നിടത്തെല്ലാം ഞാൻ അവനെ പിന്തുടരും എന്നു നിനക്കും നല്ല നിശ്ചയത്തോടു പറയാം. അവർ ഏറ്റ

ട്ടിരിക്കുന്നതായി കാണും. "മികവേറും ഒരു ക്രിസ്ത്യാനിയായിത്തീരുവാൻ നീ

യപൂർവ്വം സാത്താന ഭൃത്യന്മാരായിത്തീർന്നിട്ടുള്ളവരാകുന്നു. അതിൽ കവിഞ്ഞ ഊർജ്ജിതത്തോടുകൂടി ക്രിസ്തുവിന്റെ അനുസരണമുള്ള ഭൃത്യന്മാരായിത്തീരുവിൻ.

നമ്മുടെ വാക്യം രണ്ടാമതു് ഒരു പാഠം നമ്മെ പഠിപ്പിക്കുന്നു. അതിതാണ്. നമ്മുടെ കർത്താവു് ഉപയോഗിച്ച ഒരു പ്രസ്താവന ൪൦-ാം സങ്കീർത്തനം ൬-ാം വാക്യത്തിൽ നിങ്ങൾ കാണും. ദാവീദ് പ്രവചനാത്മാവിൽ കർത്തൃവചനസ്വരൂപേണ പറയുന്നതാണതു്. "നീ ചെവികളെ എനിക്കു തുളെച്ചിരിക്കുന്നു." ഇവിടെ യേശുക്രിസ്തു നമ്മുടെ നിമിത്തം എന്നേക്കും ദൈവത്തിന്റെ അനുസരണമുള്ള ഭൃത്യൻ ആണെന്നു തന്നെക്കുറിച്ചു പ്രസ്താവിക്കുന്നു. സ്വല്പനേരത്തേക്കു് അതിനെക്കുറിച്ചു നമുക്കൊന്നു ചിന്തിക്കാം. യുഗങ്ങൾക്കു മുൻപ് അതായതു് ദൃശ്യങ്ങളായവ ഉല്പത്തിയാകുന്നതിനു വളരെക്കാലം മുൻപു്, യേശു നമ്മുടെ നിമിത്തം ദാസനായിക്കൊള്ളാമെന്നു പിതാവിനോടു പ്രതിജ്ഞ ചെയ്തു. ദീർഘമായ അനേകയുഗങ്ങൾ കഴിഞ്ഞിട്ടും അതിൽനിന്നു് അവൻ പിന്മാറിയില്ല. പാപമോചനത്തിനുള്ള വില തന്റെ രക്തമാണെന്നു രക്ഷിതാവായ അവൻ അറിഞ്ഞിരുന്നിട്ടും പ്രസ്തുത പ്രതിജ്ഞയിൽ നിന്നു പിന്മാറിയില്ല. കാരണം അവന്റെ കാതു തുളയ്ക്കപ്പെട്ടിരുന്നു. നമ്മുടെ നിമിത്തം ജീവകാലം മുഴുവൻ അവൻ ദൈവത്തിന്റെ ഭൃത്യനായി സ്ഥിതിചെയ്തു. സഭയാകുന്ന തന്റെ മണവാട്ടിയെ അവൻ സ്നേഹിച്ചു. ഭാവിയുഗങ്ങളിൽ കൂടി അവൻ നോക്കി മുൻകണ്ട തന്റെ കുഞ്ഞുങ്ങളാകുന്ന ഇഷ്ടസന്തതിയെ അവൻ സ്നേഹിച്ചു. അതിനാൽ തന്റെ ദാസത്വം വെടി

പൊട്ടിപ്പാൻ നിനക്കു സഹായിക്കും. വീണ്ടെടുപ്പുകാരൻ നിന്റെ വിലങ്ങുക

ഞ്ഞു സ്വതന്ത്രനായിപ്പോകാൻ അവന്നു മനസ്സില്ലായിരുന്നു. നമ്മുടെ കടം വീട്ടുവാൻ കഴിവില്ലായ്മ നമ്മെ അടിമകളാക്കി. ക്രിസ്തു നമുക്കു പകരം ഒരു ദാസനായിത്തീൎന്നു. അവൻ ബേതലഹേം ഗോശാലയിൽ ജനിച്ചപ്പോൾ യഥാൎത്ഥമായി അവന്റെ കാലുകൾ ഉളുയ്ക്കപ്പെട്ടിരുന്നു. കാരണം, പൗലൊസ് സമാൎത്ഥകമായ വേറൊരു വാക്ക് ഇങ്ങനെ ഉദ്ധരിക്കുന്നു: "നീ എനിക്ക് ഒരു ശരീരത്തെ ഒരുക്കി" അവൻ വേഷത്തിൽ മനുഷ്യനായി കാണപ്പെട്ടപ്പോൾ ദൈവത്തിനു, തന്നെ അടിമയായിക്കൊടുത്തിരുന്നു. കാരണം, "അവൻ മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിരുന്നു." അവൻ യോർദാനിൽ സ്നാനജലത്തിങ്കലേക്കു വന്നപ്പോൾ ഇങ്ങനെ പറഞ്ഞു: "ഇപ്രകാരം സകല നീതിയും നിവൃത്തിയാക്കുന്നതു നമുക്ക് ഉചിതമാകുന്നു." അനന്തരം അവൻ ന്യായാധിപതിമാരുടെ മുമ്പിൽപോയി അവൎക്കുവേണ്ടി തന്നെത്തന്നെ ബദ്ധനാക്കിക്കൊടുത്തുവോ ആ യജമാനനേയും സഭയാകുന്ന തന്റെ മണവാട്ടിയേയും കുഞ്ഞുങ്ങളേയും താൻ സ്നേഹിക്കുന്നുവെന്നും അവൎക്കുവേണ്ടി താൻ എന്നേക്കും ഒരു ദാസനായിരിക്കാമെന്നും തെളിവായി പറഞ്ഞു. മരുഭൂമിയിൽ സാത്താനുമായി മല്ലുപിടിച്ചപ്പോൾ പിശാചുക്കളുടെ തലവൻ അവനു ഈ ലോകത്തിലെ സകല രാജ്യങ്ങളും കൊടുക്കാമെന്നു പറഞ്ഞിട്ടും അവയെ അംഗീകരിക്കാഞ്ഞതു് എന്തുകൊണ്ട്? കിരീടത്തേക്കാൾ ക്രൂശിനെ അവൻ തെരിഞ്ഞെടുത്തതിനു കാരണം അവന്റെ കാലു ഉളുയ്ക്കപ്പെട്ടതായിരുന്നു. അവനു ജനങ്ങളുടെ ഇടയിൽ വലിയ സ്വാധീനശക്തിയുണ്ടായപ്പോൾ അവനെ രാജാവായി വാഴിപ്പാൻ അവർ ശ്രമിച്ചു. എന്നാൽ അവൻ അവരിൽനിന്ന് ഒഴിഞ്ഞുപോകയാണു ചെയ്തതു്. വാഴുവാനല്ല, കഷ്ടപ്പെടുവാൻ അവൻ വന്നതത്രേ ഇതിനു കാരണം. വീണ്ടെടുപ്പിൻ പ്രവൃത്തിക്കായി അവന്റെ കാലുകൾ ഉളുയ്ക്കപ്പെട്ടിരുന്നു. അതു നിവൃത്തിയാകുവോളം അവൻ ഞെരുങ്ങുകയും ചെയ്തു. തോട്ടത്തിൽവെച്ച് അവന്റെ മുഖത്തു രക്തവിയൎപ്പ് ഉണ്ടായപ്പോൾ "കഴിയുമെങ്കിൽ ഈ പാനപാത്രം നീങ്ങിപ്പോകണം" എന്ന് അവൻ പറകയുണ്ടായി. എന്നിട്ടും എന്തുകൊണ്ട് ആ പാനപാത്രത്തെ അവൻ ഉപേക്ഷിച്ചില്ല? തന്റെ അംഗരക്ഷയ്ക്കായി പന്ത്രണ്ടു ലെഗ്യോൻ ദൂതന്മാരെ എന്തുകൊണ്ട് അവൻ അപേക്ഷിച്ചുവരുത്തിയില്ല. രോമം കത്രിക്കുന്നവരുടെ മുൻപാകെ ഒരു ആടെന്നപോലെ അവൻ എന്തുകൊണ്ടു മിണ്ടാതെയിരുന്നു? എന്തുകൊണ്ട് മുതുകിനെ അടിക്കുന്നവൎക്കും കവിളിനെ രോമം പറിക്കുന്നവൎക്കും വിട്ടുകൊടുത്തു? അവൻ മരിക്കാൻ ഒരുങ്ങുകയും കുരിശിൽവെച്ചു ചങ്കിലെ രക്തമെല്ലാം ചൊരികയും ചെയ്തതു് എന്തിന്? അതെല്ലാം നമുക്കുവേണ്ടി ചെയ്തതത്രേ. ആ യാതനയിൽക്കൂടി കടന്നുപോകുവാൻ അവനു് ഇഷ്ടമായി. അവന്റെ കാലു ഉളുയ്ക്കപ്പെട്ടു. അവന്റെ പ്രിയ സഭയെ ഉപേക്ഷിക്കുവാൻ കഴിഞ്ഞില്ലെന്നുമാത്രമല്ല, മനസ്സുമില്ലായിരുന്നു. തനിക്കു കഴിയുമായിരുന്നെങ്കിലും ഒഴിഞ്ഞുമാറുവാൻ അവൻ ആശിച്ചില്ല. "അവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്താൻ രക്ഷിപ്പാൻ കഴിഞ്ഞില്ല"

വിശ്വാസികളെ ഇപ്പോൾ, ഇതു കേൾപ്പിൻ. യേശു തന്റെ വാഴ്ത്തപ്പെട്ട ഭാരത്തിൽ നിന്ന് ഒഴിയുവാൻ

ട്ടിരിക്കുന്നതായി കാണും. "മിക്കവാറും ഒരു ക്രിസ്ത്യാനിയായിത്തീരുവാൻ നീ

പൊട്ടിപ്പാൻ നിനക്കു സഹായിക്കും. വീണ്ടെടുപ്പുകാരൻ നിന്റെ വിലങ്ങുക

ആശിച്ചില്ലെങ്കിൽ അവന്റെ സ്നേഹശുശ്രൂഷയിൽ നിന്ന് ഒഴിഞ്ഞുപോകുവാൻ നിങ്ങൾ വല്ലപ്പോഴും ആഗ്രഹിക്കുമോ? "നിവൃത്തിയായി" എന്നു പറയുംവരെ അവൻ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. "ഞാൻ എന്റെ ഓട്ടം ഓടി, വിശ്വാസം കാത്തു" എന്നു നിനക്കു പറവാൻ കഴിയുന്നതുവരെ അവനെക്കുറിച്ചുള്ള സ്നേഹം ദൈവത്തിന്റെ വിശുദ്ധാത്മാവിനാൽ നിന്നെ മുന്നോട്ട് ഉന്തുകയില്ലയോ? യേശു നിന്റെ മുമ്പിൽ നടന്നുപോകുമ്പോൾ നിനക്കു പിന്തിരിവാൻ സാധിക്കുമോ? അവന്റെ കാതു എനിക്കായി തുളെക്കപ്പെട്ടതുപോലെ എന്റെ കാത് അവന്റെ ശുശ്രൂഷെക്കായും തുളെക്കപ്പെടണം എന്നു നീ പറകയില്ലയോ?

ഇത്രയും സംഗതികൾ നമ്മുടെ പ്രസംഗത്തിന്റെ മുഖവുരയായിരിക്കട്ടെ. കാരണം, കഴിയുന്നതും സംക്ഷേപിച്ചുപറവാൻ ആഗ്രഹിക്കുന്ന എന്റെ ഈ പ്രസംഗം വളരെ ശക്തിപൂർവ്വം നമ്മോട് ഇടപെടുന്നതായിരിക്കും. ക്രിസ്തുവിൽ സഹോദരന്മാരേ നാം ഈരാത്രി ക്രിസ്തുവിനു നിരന്തരസേവ ചെയ്വാൻ മനസ്സുള്ളവരാണെന്നു യേശുവിനെ സ്നേഹിക്കുന്ന നിങ്ങളെ എല്ലാവരെയുംകുറിച്ചു ഞാൻ പറഞ്ഞുകൊള്ളുന്നു. നിങ്ങളുടെ പ്രതിജ്ഞ ഒന്നു പുതുക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്നതിനു നിരന്തരശുശ്രൂഷയുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചും ആ തിരഞ്ഞെടുപ്പിനുള്ള ന്യായങ്ങളെക്കുറിച്ചും നിങ്ങളോടു സംസാരിപ്പാൻ ഞാൻ വിചാരിക്കുന്നു. അതുകഴിഞ്ഞു ഞാൻ നിങ്ങളെ അടുക്കൽ വിളിച്ച് ഇവിടെ തയാറാക്കിവെച്ചിട്ടുള്ള മൂർച്ചയുള്ള തമരെടുത്തു നിങ്ങളുടെ കാതുകളെ തുളപ്പാൻ ഉദ്യമിക്കും.

1. ഒന്നാമതു നമ്മുടെ നിരന്തരശുശ്രൂഷയുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചു പറയാം.

മനസ്സുണ്ടെങ്കിൽ സ്വതന്ത്രരാകുവാൻ നമുക്കു കഴിവുണ്ടെന്നുള്ളതത്രെ ആദ്യസംഗതി. എനിക്ക് ഏറ്റവും സ്മരണീയമായ ഈ രാത്രിയിൽ ഞാൻ എന്നെക്കുറിച്ചു സ്വല്പം പറവാൻപോകുന്നതിനെ നിങ്ങൾ ക്ഷമിക്കണം. ഞാൻ കർത്താവായ യേശുക്രിസ്തുവിനെ സ്നാനത്തിൽ പരസ്യമായി അംഗീകരിക്കയും, എന്നെ അവന്റെ ദാസനാക്കിക്കൊടുക്കയും ചെയ്തിട്ട് ഇന്നു രാത്രി ൨൪ വർഷങ്ങൾ ശരിയായി തികയുന്നു. പ്രസംഗവാക്യത്തിൽ കാണുന്ന ആറിന്റെ നാലിരട്ടി വർഷങ്ങൾ ഞാൻ അവനെ സേവിച്ചു. മനസ്സുണ്ടെങ്കിൽ നിനക്കു സ്വതന്ത്രനായി പോകാം എന്നു കർത്താവ് എന്നോടു പറയുന്നു. അവ്വണ്ണംതന്നെ അവൻ ഈ വാക്കു നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു. ഇഷ്ടമുണ്ടെങ്കിൽ നിങ്ങൾക്കു സ്വതന്ത്രരായിപ്പോകാം. മനസ്സില്ലാത്ത സേവനത്തിനു ഞാൻ നിങ്ങളെ പിടിച്ചുവയ്ക്കുന്നില്ല. നിനക്കു പോകാവുന്ന വളരെ സ്ഥലങ്ങളുണ്ട്. ലോകവും ജഡവും പിശാചും ഇതാ! സ്ഥിതിചെയ്യുന്നു. ഈ മൂന്നിൽ ഏതിനെയെങ്കിലും നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ യജമാനനായി തിരഞ്ഞെടുക്കാം. യേശു നിങ്ങളുടെ ഇഷ്ടത്തിനു വിപരീതമായി നിങ്ങളെ നിർബന്ധിക്കയില്ല. സഹോദരങ്ങളേ, യേശുവിന്റെ നുകത്തിൻകീഴിൽ നിന്നു വിട്ടുപോകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എന്റെ കാര്യമേ എനിക്കു പറവാൻ കഴികയുള്ളു. ഇഷ്ടമുണ്ടെങ്കിൽ നിങ്ങൾക്ക് അതിന് ആമേൻ പറയാം. മറ്റൊന്നും വേണ്ട. യേശുവി

ട്ടിരിക്കുന്നതായി കാണും. "മിക്കവാറും
ഒരു ക്രിസ്ത്യാനിയായിത്തീരുവാൻ നീ

പൊട്ടിപ്പാൻ നിനക്കു സഹായിക്കും.
വീണ്ടെടുപ്പുകാരൻ നിന്റെ വിലങ്ങുക

ന്റെ നാമം വാഴ്ത്തപ്പെട്ടതാകട്ടെ, അവന്റെ ഇമ്പമുള്ള നുകത്തിൻകീഴിൽ നിന്ന് സ്വതന്ത്രനായിപ്പോകുവാൻ ഞാൻ ഒരിക്കലും ഇച്ഛിക്കുന്നില്ല. നേരെമറിച്ച് ഇങ്ങനെ പറവാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവേ, ദിനംപ്രതിയുള്ള നിന്റെ കരുണയ്ക്കു ഞാൻ എന്തുമാത്രം കടപ്പെട്ടവൻ! ആ കൃപ ഒരു ചങ്ങല എന്നപോലെ അനാകുലമുള്ള എന്റെ ഹൃദയത്തെ നിന്നോടു ചേർത്തു ബന്ധിച്ചുകൊള്ളട്ടെ.

ഞാൻ കാണുമ്പോൾ അവനെക്കുറിച്ചു സംസാരിക്കും. വേറൊരു ഇരുപതിനാലുകൊല്ലം മാത്രമല്ല, പിന്നെയോ വർ പത്തുലക്ഷം വർഷങ്ങൾ, എന്നു മാത്രവുമല്ല എന്നെന്നേക്കും അവനെ സേവിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം അവന്റെ നുകം ഇമ്പവും ചുമടു ലഘുവുമാകുന്നു. എബ്രായ പിതാക്കന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഇങ്ങിനെയാണല്ലോ. "അവർ വിട്ടുപോന്നതിനെ ഓർത്തുവെങ്കിൽ മടങ്ങിപ്പോകുവാൻ ഇട ഉണ്ടായിരുന്നു!" നാമും ഇങ്ങിനെ മടങ്ങിപ്പോകുവാൻ ഇടയുണ്ട്. എന്നാൽ നാശത്തിന്റെ ഭൂമിയിലേക്കു നാം വീണ്ടും തിരിയുമോ? വിനാശത്തിലേക്കു നാം തിരിച്ചുപോകുമോ? നമ്മുടെ കർത്താവിനെ നാം ഉപേക്ഷിക്കുമോ? ഇല്ല, ദൈവകൃപയാൽ അതു സാധിക്കുന്നതല്ല. കനാൻദേശത്തിനായി നാം ഉഴിഞ്ഞുകെട്ടപ്പെട്ടിരിക്കുന്നു. അവിടേക്കു നാം പോകും. അലയുന്ന ഹൃദയങ്ങൾ നമുക്കുണ്ട്, എന്നാൽ കൃപ നമ്മെ ഉറപ്പായി പിടിച്ചുകൊള്ളും.

നമുക്കു സ്വതന്ത്രരാകുവാൻ അനുവാദമുണ്ടായിരിക്കെ ഈ ജനങ്ങളുടെ മുൻപാകെ ഇവർ തന്നെ നമ്മുടെ ന്യായാധിപതിമാർ ആയിരിക്കട്ടെ—വിട്ടുപോകുന്നതിനുള്ള ആഗ്രഹത്തിന്റെ സൂചനപോലും ഇല്ലെന്നു തെളിവായും സംശയംകൂടാതെയും പറയാം. ക്രിസ്തുവിന്റെ ശുശ്രൂഷ ഒരു വിലങ്ങാണെങ്കിൽ കർത്താവേ, എനിക്ക് ഇരട്ടിവിലങ്ങ് ഇട്ടുമാറാകണമേ. നിന്റെ സേവനം ഒരു കെട്ടാണെങ്കിൽ കർത്താവേ, ഞങ്ങളുടെ കയ്യും കാലും കെട്ടിയിടണമേ. കാരണം, നിനക്ക് അടിമകളായിരിക്കയെന്നുള്ളതു മാത്രമാണ് ഞങ്ങളുടെ പൂർണ്ണമായ സ്വാതന്ത്ര്യം.

ഇങ്ങനെ പരസ്യമായും തെളിവായും പറവാൻ നമുക്കു മനസ്സുണ്ടോ? മനസ്സുണ്ടെങ്കിൽ തത്ഫലമായി വരുന്ന ഭവിഷ്യത്തുകളെയും സ്വീകരിക്കേണ്ടതാണ്. നമുക്കതിനു മനസ്സുണ്ടോ? അതത്രേ കാര്യം. എന്നേക്കും ക്രിസ്തുവിന്റെ ദാസന്മാരായിരിപ്പാൻ നാം ഉദ്ദേശിക്കുന്നുവെങ്കിൽ ലോകം യാതൊന്നും അറിഞ്ഞിട്ടില്ലാത്ത പ്രത്യേക ദുർഘടങ്ങളെ നേരിടേണ്ടിവരും. നമ്മുടെ കാതുതുളയ്ക്കു എന്നുള്ളത് ഒരു പ്രത്യേക വേദനയുള്ള സംഗതിയാണ്. എന്നാൽ രണ്ടു കാതുകളും തമരിന്റെ പ്രയോഗത്തെ അംഗീകരിപ്പാൻ ഒരുങ്ങിയിരിക്കേണ്ടതാകുന്നു. കർത്തൃശുശ്രൂഷയിൽ വിശേഷാൽ പരിശോധനകൾ ഉണ്ട്. "കായ്ക്കുന്ന കൊമ്പിനെ അധികം ഫലം കായ്ക്കേണ്ടതിന്നു ചെത്തിവെടിപ്പാക്കുന്നു" ചെത്തിവെടിപ്പാക്കുന്നതിന്നു നമുക്കു മനസ്സുണ്ടോ? പിതാവു ശിക്ഷിക്കാത്ത പുത്രൻ ആരുള്ളു? ശിക്ഷയേല്പാൻ നമുക്കു മനസ്സുണ്ടോ? കർത്താവു നമ്മെ കാക്കുകയും വിശ്വസ്തരായിരിപ്പാൻ നമുക്കു സഹായിക്കയും ചെയ്യുന്നകാലത്തോളം എന്തു കഷ്ടതയായിരുന്നാലും ഞങ്ങൾ സഹിക്കും എന്നു ആലോചനാപൂർവ്വം നമുക്കു പറയാം. അവന്റെ ശുശ്രൂഷയിൽ നിന്നു ഓടിപ്പോകുവാൻ നാം

ളുന്നിയുന്നില്ല. അതിനു നമുക്കു മനസ്സുമില്ല, കഴിവുമില്ല. അവന്റെ വീട്ടിൽ നിന്നും അവന്റെ വേലയിൽ നിന്നും ഒളിച്ചോടിപ്പോയ്ക്കൊള്ളുവാൻ നമ്മെ ഭ്രമിപ്പാൻ യാതൊന്നിനും കഴികയില്ല. കാരണം, നിലനിർത്തുന്ന തന്റെ കരുണയിൽ സന്തോഷിച്ചുകൊണ്ടു "നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ?" എന്നു നമുക്കു സധൈര്യം ചോദിക്കാം. നമ്മുടെ കാതുകളിൽ ഇതു വഹിക്കാം. പക്ഷെ അതുനിമിത്തം മനുഷ്യനിൽ നിന്നു് വളരെ നിന്ദ സഹിക്കേണ്ടതായി വരാം. നമ്മിൽ ചിലർക്കു ഇതിന്റെ നല്ല പങ്കു വളരെ മുൻപുതന്നെ കിട്ടിയിട്ടുണ്ടു്. ഇന്നുവരെയും ആ നിന്ദ നാം വഹിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും നമ്മെ ഇളക്കുവാൻ ഇവയ്ക്കൊന്നിനും കഴിഞ്ഞിട്ടില്ല. ഭൂമിക്കും സ്വർഗ്ഗത്തിനുമദ്ധ്യേ വളരെയധികം ക്രൂരമായ പരിഹാസങ്ങൾ ഉണ്ടാകുവാൻ കഴിയുമോ? കഴിയുമെങ്കിൽ അതു എല്ലാം നമുക്കും ഉണ്ടാകും. അവയും നമുക്കു സ്വാഗതം പറയട്ടെ.

ആ കഷ്ടങ്ങൾ പ്രിയപ്പെട്ടവ എന്നു നീ പറയുന്നില്ലയോ? യാതൊരു വ്യവസ്ഥയും കൂടാതെ ഏതു് അപകടങ്ങളുടെ മദ്ധ്യത്തിലും ക്രിസ്തുവിനെ നിങ്ങൾ സേവിക്കയില്ലയോ? ചേററിലും ചെളിയിലും കുന്നിന്റെ ഉഷ്ണമായ വശങ്ങളിലും യുദ്ധം അതിഭയങ്കരമായി നടന്നുകൊണ്ടിരിക്കുന്ന സമതലങ്ങളിലും അവനെ നിങ്ങൾ അനുഗമിക്കയില്ലയോ? അതെ, കൃപകിട്ടിയാൽ മതി അതെല്ലാം ഞങ്ങൾ ചെയ്യും. പരിശുദ്ധാത്മാവു ഞങ്ങളിൽ പാർക്കുന്നെങ്കിൽ ഞങ്ങളാൽ അതു സാധിക്കും. കുഞ്ഞാടു് എവിടെ പോയാലും അവനെ അനുഗമിക്കുവാൻ നിങ്ങൾക്കാഗ്രഹമില്ലയോ? ഉയർന്നതരം പരിത്യാഗത്തിൽനിന്നു നിങ്ങൾ ഭയന്നു മാറുന്നുവോ? എല്ലാവരും സത്യത്തെ ഉപേക്ഷിച്ചാലും നിങ്ങൾ അതിനെ പിടിച്ചുകൊണ്ടു ദീർഘകാലം നിൽക്കുമോ? ഉവ്വ്, ക്രിസ്തുവിന്റെ നിരന്തര അടിമകളായിരിപ്പാനും ആ അടിമത്തത്തിൽ എന്തെല്ലാം അന്തർഭവിച്ചിട്ടുണ്ടോ അതെല്ലാം വഹിക്കുന്നതിനും ഞങ്ങൾ ആഗ്രഹിക്കുന്നു. ക്രിസ്തുവിനെ അല്പമൊന്നു സേവിച്ചാൽ പോരാ. അവനെ അധികം സേവിക്കുന്നതിനും ഞങ്ങൾ ആശിക്കുന്നു. എത്രത്തോളം ഓരോന്നു ചെയ്വാൻ അവൻ പറയുമോ, അത്രയും ഞങ്ങൾ അവനെ സ്നേഹിക്കും. അവന്റെ പ്രിയനാമം നിമിത്തം എന്തെല്ലാം സഹിപ്പാൻ ഞങ്ങളെ ചുമതലപ്പെടുത്തുന്നുവോ അതിനുവേണ്ട കൃപ അവൻ ഞങ്ങൾക്കു തരുമെങ്കിൽ ഞങ്ങൾ അധികം സന്തോഷിക്കും. എന്നിങ്ങനെ ഞാൻ പറയുമ്പോൾ ക്രിസ്തുവിനെ സ്നേഹിക്കുന്ന ഓരോരുവന്റെയും ഹൃദയസ്ഥിതിയെ പ്രകാശിപ്പിക്കയത്രെ ഞാൻ ചെയ്യുന്നതു്. നമ്മുടെ രക്ഷിതാവായ യേശുവിനുവേണ്ടി വളരെ ഉപയോഗമുള്ളതും വളരെ കഷ്ടമനുഭവിക്കുന്നതും വളരെ അദ്ധ്വാനിക്കുന്നതും ഒരു വലിയ ജീവിതം തന്നെയാകുന്നു. സ്വതന്ത്രരായിരിപ്പാൻ ഇച്ഛിക്കുന്നതിനുപകരം ഈ വാഴ്ത്തപ്പെട്ട അടിമത്തത്തിൽ ആഴമായി മുങ്ങുന്നതിനു്, നിങ്ങളുടെ ശരീരത്തിൽ കർത്താവായ യേശുക്രിസ്തുവിന്റെ വടുക്കളെ വഹിക്കുന്നതിനു്, എന്നേക്കുമായി അവന്റെ മുദ്രയാളം ധരിച്ചിട്ടുള്ള അടിമകളായി ഭവിക്കുന്നതിനു നിങ്ങളുടെ ആത്മാവിന്റെ അന്തർഭാഗങ്ങളിൽ നിങ്ങൾ ആഗ്രഹിക്കുന്നില്ലയോ? നിങ്ങൾ ഇച്ഛിക്കുന്ന പൂർണ്ണസ്വാതന്ത്ര്യം ഇതല്ലേ?

(തുടരും)

# ധ്യാനമഞ്ജരി.

## പുറപ്പാട്ടുപുസ്തകം

(C. H. M.)

പ്രിയ വായനക്കാരാ, പ്രകൃതി നിലംപരിചാകുന്നതും ദൈവംമാത്രം ഉയരുന്നതുമായ "മരുഭൂമി"ക്കപ്പുറത്തുള്ള അതിശുദ്ധസ്ഥലത്തിന്റെ വാസ്തവമായ അർത്ഥം നിന്റെ ആഴമുള്ള പരിജ്ഞാനംകൊണ്ടു നിനക്കു തെളിയിക്കാമോ? അവിടെയത്രെ മനുഷ്യരും സംഗതികളും, ആത്മാവും ലോകവും സ്വയവും, അതിനാൽ ഇപ്പോഴത്തെ പരിതഃസ്ഥിതികളും അവയുടെ സ്വാധീനശക്തിയും അവയ്ക്കുള്ള യഥാർത്ഥമായ വിലയാൽ മതിക്കപ്പെടുന്നതു്. അകത്തും പുറത്തുമുള്ള സകലവും തൂക്കി നോക്കപ്പെടുന്നതും ദൈവസമ്മതി ലഭിച്ചിട്ടുള്ളതുമായ തുലാസ് നിങ്ങൾ കാണുന്നതും അവിടെയാകുന്നു. നിങ്ങളുടെ ആത്മാവിന്റെ ശത്രുവിന് ആ സ്ഥലത്തെ മണൽത്തരിക്കു പൊന്നു പൂശുവാൻ കഴികയില്ല. അവിടെയുള്ളതെല്ലാം യാഥാർത്ഥ്യംതന്നെ. മരുഭൂമിക്കപ്പുറത്തു ദൈവസന്നിധിയിൽ ചെന്നെത്തിയിട്ടുള്ള ഹൃദയത്തിനു സകലത്തേയും പററിയുള്ള ശരിയായ ചിന്തനമാണുള്ളതു്. ഈ ലോകതന്ത്രങ്ങളുടെ ഇളക്കിമറിക്കുന്ന സ്വാധീനശക്തിക്കു് എത്രയും മീതെ അതു് ഉയർന്നുനിൽക്കുന്നു. മിസ്രയീമിലെ അലർച്ചയും ഇരപ്പും ഗർജ്ജനവും ആ ദൂരസ്ഥലത്തുള്ള ചെവിയെ ബാധിക്കുന്നില്ല. ധനലോകത്തിലെയും വാണിജ്യലോകത്തിലെയും പൊട്ടൽശബ്ദം അവിടെ കേൾക്കപ്പെടുന്നില്ല. അത്യാശയുടെ ദീർഘശ്വാസം അവിടെ ഉയരുന്നില്ല. ഈ ലോകത്തിന്റെ വാടിപ്പോകുന്ന ലതാകിരീടം അവിടെയുള്ളവരെ മോഹിപ്പിക്കുന്നില്ല. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ആകാംക്ഷ അവിടെയില്ല. അവിടെ കണ്ണുകൾ മോഹംകൊണ്ടു മയങ്ങുകയോ ഹൃദയം അഹങ്കാരംകൊണ്ടു വീർക്കുകയോ ചെയ്യുന്നില്ല. മനുഷ്യന്റെ ഹസ്തതാഡനം അവിടെയുള്ളവരെ ഉയർത്തുകയോ മനുഷ്യരുടെ നിന്ദ അവിടെയുള്ളവരെ ക്ഷീണിപ്പിക്കയോ ചെയ്യുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ദൈവസാന്നിദ്ധ്യത്തിന്റെ ശാന്തതയും പ്രകാശവും ഒഴികെ മററുള്ളതെല്ലാം അവിടെനിന്നു നിഷ്കാസനം ചെയ്യപ്പെട്ടിരിക്കുന്നു. ദൈവശബ്ദം മാത്രം കേൾക്കപ്പെടുന്നു; ദൈവവെളിച്ചം മാത്രം അനുഭവിക്കപ്പെടുന്നു; ദൈവചിന്തകൾ മാത്രം അംഗീകരിക്കപ്പെടുന്നു. ശുശ്രൂഷയ്ക്കായി അഭ്യസിക്കപ്പെടുവാനുള്ള എല്ലാവരും പോകേണ്ട സ്ഥലം ഇതാകുന്നു. ശുശ്രൂഷയിൽ വിജയികളാകണമെങ്കിൽ അവരെല്ലാവരും അവിടെത്തന്നെ പാർക്കേണ്ടതാകുന്നു.

പരസ്യശുശ്രൂഷകൾക്കു മുന്നോട്ടുവരുന്ന എല്ലാവരും ഈ സ്ഥലത്തുള്ള വായുവിനെ ശ്വസിക്കേണ്ടതാകുന്നുവെന്നു് അധികാധികം അറിയുന്നെങ്കിൽ നന്നായിരുന്നു. അങ്ങിനെയാകുന്നപക്ഷം എത്രയും ഫലപ്രദമായതും ക്രിസ്തുവിനെ ബഹുമാനിക്കുന്നതുമായ സേവനമല്ലാതെ ശുശ്രൂഷയുടെ ഭാവത്തിൽ ജീവനില്ലാത്ത പരിശ്രമങ്ങൾ ചെയ്യുവരുന്നതു വളരെ കുറയുമായിരുന്നു.

ഇനിയും മരുഭൂമിക്കപ്പുറത്തു മോശ കാണുകയും കേൾക്കയും ചെയ്ത സംഗതികൾ എന്തെന്നു് അന്വേഷിക്കാം. മിസ്രയീമിലെ അതിവാസനക്കാരായ

ഗുരുക്കന്മാരുടെ ജ്ഞാനപഥത്തിന് വളരെ അകലെ കിടക്കുന്ന പാഠങ്ങൾ അവൻ പഠിക്കുന്നതായിക്കാണുന്നു. മോശയെപ്പോലെയുള്ള ഒരു മനുഷ്യന് മരുഭൂമിയിൽ ഏതാനും ആടുകളെ മേയിച്ചുകൊണ്ടുമാത്രം നാല്പതു വർഷങ്ങൾ സ്ഥിതിചെയ്തു എന്നുള്ളതു് ഒരു അസാധാരണ സമയനഷ്ടമായി മനുഷ്യകണ്ണുകൾക്കു തോന്നാം. എന്നാൽ അവൻ അവിടെ ദൈവത്തോടുകൂടെ ആയിരുന്നു. ഇങ്ങിനെ ചെലവുചെയ്തിട്ടുള്ള അവസരം ഒരു നാളും നഷ്ടമാകയില്ല. ഒരു സത്യഭൃത്യന്റെ പക്ഷത്തു ആവശ്യമുള്ളതും വെറും പ്രവൃത്തിയെ കവിഞ്ഞുള്ളതുമായ ഒന്നുണ്ടെന്നു ഓർമ്മിക്കുന്നതു നമുക്കു് സന്തോഷകരമായിട്ടുള്ളതാകുന്നു. എല്ലാപ്പോഴും പ്രവർത്തിച്ചുകൊണ്ടു തന്നേ ഇരിക്കുന്ന ഒരു മനുഷ്യന്റെ പ്രവൃത്തി അമിതമായിപ്പോകാൻ ഇടയുണ്ടു്. ഇങ്ങിനെയുള്ള ഒരുവന് ഒരു പൂർണ്ണദൈവഭൃത്യന്റെ ആഴമുള്ളതും പ്രായോഗികവുമായ വാക്കുകളെ ചിന്താവിഷയമാക്കേണ്ടതാണ്. "അവൻ രാവിലെതോറും ഉണർത്തുന്നു; ശിഷ്യന്മാരെപ്പോലെ കേൾക്കേണ്ടതിന്നു് അവൻ എന്റെ ചെവി ഉണർത്തുന്നു". (യെശ. 50:4) ഭൃത്യന്റെ പ്രവൃത്തിയുടെ ഒഴിച്ചുകൂടാത്ത ഒരു ഭാഗം ഇതാകുന്നു. കരണീയം എന്തെന്നറിയേണ്ടതിന് ഭൃത്യൻ കൂടക്കൂടെ തന്റെ യജമാനന്റെ സന്നിധിയിൽ നില്ക്കണം. ചെവിയും നാവും പരസ്പരം ഒന്നിലധികം പ്രകാരേണ ഗാഢമായി ഘടിപ്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ആത്മികദൃഷ്ട്യാ അഥവാ സാന്മാർഗ്ഗികദൃഷ്ട്യാ നോക്കുന്നതായാൽ എന്റെ ചെവി അടച്ചുകളകയും എന്റെ നാവു് അയച്ചുവിടുകയും ചെയ്താൽ ഞാൻ വളരെ ദോഷത്വം സംസാരിക്കുമെന്ന് എനിക്കു നിശ്ചയമുണ്ടു്. "പ്രിയ സഹോദരന്മാരേ, ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും ഉള്ളവൻ ആയിരിക്കട്ടെ." (യാക്കോ. 1: 19) കാലോചിതമായി പ്രബോധനത്തിന് രണ്ടടിസ്ഥാനങ്ങളാണുള്ളതു്. അവയിൽ ഒന്ന്, സകല വചനവും മേലിൽനിന്നു വരുന്നു എന്നുള്ളതും, മററതു കവിഞ്ഞൊഴുകത്തക്കവണ്ണം ഹൃദയം വത്സലത്വം കൊണ്ടു് വക്കോളം നിറഞ്ഞിരിക്കുന്നു എന്നുള്ളതുമാകുന്നു. ഇതിനാൽ ചെവിതുറന്നും നാവടക്കിയും വച്ചുകൊള്ളേണ്ട ആവശ്യം— ഇവ അപൂർവ്വവും അത്ഭുതകരവുമായ സിദ്ധികൾ തന്നെ!—സ്പഷ്ടമാകുന്നു. മോശ മരുഭൂമിയുടെ അപ്പുറത്തുവച്ച് ഈ വിഷയങ്ങളിൽ നിപുണനാക്കപ്പെട്ടു. ആ പാഠശാലയിൽ പഠിക്കുവാൻ മനസ്സുവയ്ക്കുന്നവർക്കെല്ലാം ഈ മഹാസിദ്ധികൾ സമ്പാദിക്കുവാൻ കഴിയും.

"അവിടെ യഹോവയുടെ ദൂതൻ ഒരു മുൾപ്പടപ്പിന്റെ മുകളിൽനിന്നു അഗ്നിജ്വാലയിൽ അവനു പ്രത്യക്ഷനായി. അവൻ നോക്കിയാറെ മുൾപ്പടർപ്പു തീപിടിച്ചു കത്തുന്നതും മുൾപ്പടർപ്പു വെന്തുപോകാതിരിക്കുന്നതും കണ്ടു. മുൾപ്പടർപ്പു വെന്തുപോകാതിരിക്കുന്ന ഈ വലിയ കാഴ്ച എന്തെന്നു ഞാൻ ചെന്നു നോക്കട്ടെ എന്നു മോശ പറഞ്ഞു. പുറ. 3: 2, 3. ഒരു മുൾപ്പടർപ്പു കത്തുന്നു എങ്കിലും അതു വെന്തുപോകുന്നില്ല. ഇതു് യഥാർത്ഥത്തിൽ ഒരു വലിയ കാഴ്ച തന്നെയായിരുന്നു. ഫറോവിന്റെ കൊട്ടാരത്തിൽ ഇങ്ങിനെയുള്ള ഒരു കാഴ്ച അവൻ കണ്ടിട്ടില്ല. അതു് ഒരു വലിയ കാഴ്ച എന്നപോലെ തന്നെ കൃപാദ്യോതകമായ ഒരു കാഴ്ചയുമായിരുന്നു. കാരണം, അതിൽ ദൈവത്തിന്റെ വൃതന്മാരുടെ സ്ഥിതി സ്വർ

കമാംവണ്ണം പ്രദർശിപ്പിക്കപ്പെട്ടു. അവർ മിസ്രയീമിന്റെ ഉരുക്കുചൂളയിലായിരുന്നു. കത്തിയെരിയുന്ന ഒരു മുൾപ്പടർപ്പിൽ യഹോവ തന്നെത്താൻ വെളിപ്പെടുത്തുന്നു. എന്നാൽ മുൾപ്പടർപ്പു ദഹിക്കാതെ ഇരുന്നതുപോലെ അവരും ദഹിച്ചുപോയില്ല. കാരണം, ദൈവം അവിടെ ഉണ്ടായിരുന്നു. "സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെയുണ്ട്; യാക്കോബിന്റെ ദൈവം നമ്മുടെ അഭയസ്ഥാനം." (സങ്കീ. 46:7) ഇവിടെ ശക്തിയും നിർബ്ബാധതയും—ഭയവും സമാധാനവും ഉണ്ട്. ദൈവം നമ്മോടുകൂടെയും നമ്മിലും നമുക്കുവേണ്ടിയും സ്ഥിതിചെയ്യുന്നു. എല്ലാ മുട്ടുകളുടെ പരിഹാരത്തിനും ഇതു സുലഭമായ ഒരു സംഭരണമാകുന്നു.

മേൽ പകർത്തിട്ടുള്ള ഉദാഹരണത്തിൽ കാണുന്നതുപോലെ യഹോവ മോശയ്ക്കു തന്നെത്താൻ വെളിപ്പെടുത്തുവാൻ തിരുമനസ്സായ മാതൃകയെക്കാൾ അധികം രസകരമോ ഉപദേശദായകമോ ആയ വേറൊരു മാതൃകയില്ല. തന്റെ ജനം തനിക്കുള്ള സമൂഹമായും മരുഭൂമിയിലും കനാൻ ദേശത്തും തന്റെ വാസസ്ഥലമായും ഇരിപ്പാൻ മിസ്രയീമിൽനിന്നു അവരെ പുറപ്പെടുവിക്കുന്നതിനു മോശയ്ക്കു കല്പനകൊടുപ്പാൻ ദൈവം ഉദ്ദേശിച്ചിരുന്നു. ഇവിടെ ദൈവം സംസാരിച്ചിട്ടുള്ളതായി പറയപ്പെടുന്ന സ്ഥലം കത്തുന്ന മുൾപ്പടർപ്പാകുന്നു. ഇതു്, യഹോവ തന്റെ ഭൃത്യന്മാരും വീണ്ടെടുക്കപ്പെട്ടവരുമായവരുടെ മദ്ധ്യേ വസിക്കുന്നതിന്റെ വ്യക്തവും ഭയഭക്തികരവും മനോഹരവുമായ സദൃശമത്രേ. "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നി ആകുന്നു." നമ്മെ ദഹിപ്പിക്കുന്നതിനല്ല, പിന്നെയോ, തന്റെ വിശുദ്ധിക്കു വിരോധമായി നമ്മിലുള്ളതും നമ്മെ ചുററി ഇരിക്കുന്നതും നമ്മുടെ സത്യവും സുസ്ഥിരവുമായ സന്തോഷഭാഗ്യങ്ങളെ കവിഴ്ത്തിക്കളയുന്നതുമായ എല്ലാവറേറയും ദഹിപ്പിക്കുന്നതിനാകുന്നു. "നിന്റെ സാക്ഷ്യങ്ങൾ എത്രയും നിശ്ചയമുള്ളവ. യഹോവയേ, വിശുദ്ധി നിന്റെ ആലയത്തിനു എന്നേക്കും ഉചിതം തന്നേ." (സങ്കീ. 93:5)

താൻ, ദഹിപ്പിക്കുന്ന അഗ്നി ആകുന്നു എന്നു് ദൈവം സ്വയം വെളിപ്പെടുത്തുന്ന വിവിധ ദൃഷ്ടാന്തങ്ങൾ പഴയ നിയമത്തിലും പുതിയ നിയമത്തിലും ഉണ്ടു്. ദൃഷ്ടാന്തമായി ലേവ്യ 10-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള നാദാബിന്റെയും അബീഹുവിന്റെയും സംഗതി നോക്കുക. ഇതു് അത്യന്ത ഗൗരവമുള്ള ഒരു സന്ദർഭമായിരുന്നു. തന്റെ ജനങ്ങളുടെ മദ്ധ്യേ ദൈവം പാർത്തുകൊണ്ടിരുന്നു. തനിക്കു ഉചിതമായ നിലയിൽ അവരെ സൂക്ഷിച്ചുവന്നു. അങ്ങനെ അല്ലാതെ അവനു ചെയ്യുവാൻ കഴികയില്ല. അവന്റെ സാന്നിദ്ധ്യത്തിന്റെ വിശുദ്ധിക്കു യോജിക്കാത്തതായി അവരിൽ ഉള്ള വല്ലതിനേയും അവൻ സഹിക്കുന്നതായിരുന്നാൽ അതു അവനു മഹത്വമോ അവർക്കു ഉപകാരമോ ആയിത്തീരുകയില്ല. ദൈവത്തിന്റെ വാസസ്ഥലം വിശുദ്ധമായിരിക്കണം.

അങ്ങനെ, യോശുവാ ൭-ാം അദ്ധ്യായത്തിൽ ആഖാന്റെ സംഗതിയിൽ ഹൃദയസ്പർശകമായ വേറെ ഒരു ദൃഷ്ടാന്തം കാണുന്നു. അതിൽനിന്നു നമുക്കു മനസ്സിലാകുന്നതു യഹോവയ്ക്കു തന്റെ സാന്നിദ്ധ്യംകൊണ്ടു ദോഷത്തെ അതിന്റെ ഏതൊരു രൂപത്തിലും ആ ദോഷം എത്രമാത്രം മറഞ്ഞിരുന്നാലും അനുവദിച്ചുകൊടുപ്പാൻ അ

ശേഷം പാടില്ല എന്നാണ്. അവൻ ദഹിപ്പിക്കുന്ന അഗ്നി ആകയാൽ താൻ വസിക്കുന്ന ജനസംഘത്തെ അശുദ്ധിപ്പെടുത്തുന്ന ഏതൊരു പ്രയത്നത്തേയും നിരോധിക്കേണ്ടതു് അവന്റെ കൃത്യമാകുന്നു. തിരഞ്ഞു കണ്ടുപിടിക്കപ്പെടുകയും വിധി കല്പിക്കപ്പെടുകയും ചെയ്യാത്ത ദോഷത്തോടു ദൈവസാന്നിദ്ധ്യത്തെ ഇണയ്ക്കുവാൻ ശ്രമിക്കുന്നതു് എത്രയും വലിയ ധൃഷ്ടതയുടെ ലക്ഷണമാകുന്നു.

കൂടാതെ പ്രവൃ. ൫-ൽ കാണുന്ന അനന്യാസും സഫീറയും ആ പാഠം തന്നെ നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവായ ദൈവം തന്റെ സഭയുടെ മദ്ധ്യത്തിൽ കേവലം ഒരു ശക്തിയായിട്ടല്ല, പിന്നെയോ ആർക്കും തന്നോടു കള്ളംപറയുവാൻ കഴിയാത്തവിധം ഒരു ആളായിട്ടത്രേ സ്ഥിതിചെയ്യുന്നതു്. സഭ മുൻപും ഇപ്പോഴും അവന്റെ വാസസ്ഥലമത്രേ. അവൻ അതിന്റെ നടുവിൽ ഭരിക്കയും വിധിക്കയും വേണം. വഞ്ചന, ദ്രവ്യാഗ്രഹം, കാപടഭക്തി എന്നിവയോടു മനുഷ്യൻ കൂട്ടുപിടിച്ചു നടന്നേക്കാം. എന്നാൽ ദൈവത്തിനു് അതു കഴികയില്ല. ദൈവം നമ്മോടുകൂടി നടക്കണമെങ്കിൽ നമ്മുടെ വഴികളെ നാം വിചാരണചെയ്തു, നാം വിധിക്കയോ അല്ലാത്തപക്ഷം നമുക്കുവേണ്ടി അവൻ അതു ചെയ്കയോ വേണ്ടതാകുന്നു. ൧ കോരി. ൧൧: ൩൧-൩൨ വാക്യങ്ങളും നോക്കുക.

ഉദ്ധരിപ്പാൻ കഴിയുന്ന ഇതിലധികം ദൃഷ്ടാന്തങ്ങളിലും "യഹോവേ, വിശുദ്ധി നിന്റെ ആലയത്തിനു് എന്നേക്കും ഉചിതം തന്നെ" എന്നുള്ള ഗംഭീരവചനത്തിന്റെ ശക്തി നാം കാണുന്നു. ഇതിന്റെ സാന്മാർഗ്ഗികഫലം ഈ അദ്ധ്യായത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ മോശയുടെ സംഗതിയിൽ സ്പഷ്ടീകരിച്ചിട്ടുള്ളതിനോടു സദാപി സമമായിരിക്കും. "അപ്പോൾ അവൻ ഇങ്ങോട്ടു അടുക്കരുതു് നീ നിൽക്കുന്നസ്ഥലം വിശുദ്ധഭൂമിയാകയാൽ കാലിൽനിന്നു ചെരിപ്പു് അഴിച്ചുകളക എന്നു കല്പിച്ചു." (വാ. ൫) ദൈവസാന്നിദ്ധ്യത്തിൻ സ്ഥലം വിശുദ്ധമാകുന്നു. അതിനെ ചെരിപ്പിടാത്ത കാലുകൊണ്ടു മാത്രമെ സ്പർശിക്കാവൂ. തന്റെ ജനത്തിൻമദ്ധ്യേ നിവസിക്കുന്ന ദൈവം അവരുടെ സംഘത്തിനു വിശുദ്ധിയുടെ സ്വഭാവലക്ഷണം ദാനം ചെയ്യുന്നു. അതത്രേ എല്ലാ വിശുദ്ധ അഭിലാഷത്തിന്റേയും എല്ലാ വിശുദ്ധ പ്രവൃത്തിയുടേയും അടിസ്ഥാനം. വാസസ്ഥലത്തിന്റെ സ്വഭാവഗുണം നിവാസിയുടെ സ്വഭാവഗുണത്തിൽ നിന്നുള്ള മുദ്ര ധരിക്കുന്നു.

ഇപ്പോൾ ആത്മാവിനാൽ ദൈവത്തിന്റെ നിവാസസ്ഥാനമായി പണിയപ്പെടുന്ന സഭയ്ക്കു് ഈ വ്യവസ്ഥിതി പ്രയോഗത്തിൽ അത്യന്തം പ്രാധാന്യമുള്ളതാകുന്നു. ദൈവം തന്റെ ആത്മാവിനാൽ സഭയുടെ ഓരോ അംഗത്തിലും അധിവസിച്ചു ഓരോ വ്യക്തിക്കും വിശുദ്ധ പ്രകൃതി നൽകുന്നു എന്നുള്ളതു് വാഴ്ത്തപ്പെട്ട ഒരു സത്യമായിരിക്കുന്നതുപോലെ അവൻ സഭയിൽ വസിക്കുന്നു എന്നുള്ളതും തന്നിമിത്തം സഭ വിശുദ്ധമായിരിക്കണമെന്നുള്ളതും തത്തുല്യം സത്യമായിട്ടുള്ളതത്രെ. സഭാംഗങ്ങൾ പരിവരണം ചെയ്യുന്ന കേന്ദ്രം ജീവനുള്ളവനും വിജയിയും തേജസ്വീകൃതനുമായ ക്രിസ്തു എന്ന ആൾ അല്ലാതെ അതിൽ കുറഞ്ഞതൊന്നല്ല. അവർ ഒന്നിച്ചു കൂടുന്ന ചൈതന്യം പരിശുദ്ധാത്മാവായ ദൈവമ

# രക്ഷയെക്കുറിച്ചുള്ള രണ്ടു ചോദ്യങ്ങൾ.

ലോകപ്രസിദ്ധനായ മൂഡിയെന്ന അപൂൎവ്വ സുവിശേഷകനെ സംബന്ധിച്ചും അദ്ദേഹത്തിന്റെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള "മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്" എന്നുള്ള വേദമഹാപാഠശാലയെക്കുറിച്ചും അറിഞ്ഞിട്ടില്ലാത്തവർ ഇന്നു ചുരുക്കമാണല്ലോ. പ്രസ്തുത സ്ഥാപനം വകയായി പുറപ്പെടുന്ന മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് മന്ത്‌ലി ഈയാണ്ടു ജൂലൈ ലക്കത്തിൽ, രക്ഷ നഷ്ടപ്പെടും എന്നുള്ള അഭിപ്രായത്തെ അധികരിച്ച് രണ്ടു ചോദ്യങ്ങൾ ചോദിച്ചിരിക്കുന്നു. ഈ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും സത്യവിശ്വാസികളുടെ പ്രയോജനത്തിനായി ഇവിടെ തൎജ്ജമ ചെയ്തു ചേൎക്കുന്നു.

ചോദ്യം ൧. നിത്യഭദ്രതയെ സംബന്ധിച്ചുള്ള ഉപദേശം പഠിപ്പിക്കുന്നതായാൽ അത് ആപൽക്കരമല്ലയോ? അത് അപകടകരവും സ്വാതന്ത്ര്യപൂൎവ്വം പാപം ചെയ്വാൻ ധൈൎയ്യപ്പെടുത്തുന്നതുമാണെന്ന് ഞങ്ങളുടെ മാസ്റ്റർ പറയുന്നു.

ഇതിനു മൂഡിമന്ത്‌ലി കൊടുക്കുന്ന മറുപടി:

രക്ഷിക്കപ്പെട്ടു നിത്യജീവന്റെ ദാനം ലഭിച്ചുമുള്ള നാം ദൈവാത്മാവിൽനിന്നു ജനിച്ച ദൈവമക്കളാകുന്നു. (യോഹ. ൧: ൧൨, ൧൩; ൩: ൩.) ഇങ്ങിനെ നാം ദൈവസ്വഭാവത്തിന് അംശികളായിത്തീൎന്നിരിക്കുന്നു. (൨ പത്രോ. ൧: ൪.) ഈ സത്യത്തിന്റെ യഥാൎത്ഥബോധം ജീവിതത്തിന്റെ ഉപരിനിലയിലേക്കു നമ്മെ ഉയൎത്തുന്നു. "ഞാൻ ഈ മഹാദോഷം പ്രവൎത്തിച്ചു ദൈവത്തോടു പാപം ചെയ്യുന്നതെങ്ങനെ?" എന്നു പണ്ടു യോസേഫ് പറഞ്ഞതുപോലെ ഉപദേശം ലഭിച്ച ക്രിസ്ത്യാനി ഉച്ചത്തിൽ പറയും. കാരണം, മക്കളെങ്കിൽ ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും ആകുന്നു. റോമ. ൮. ൧൭. നമ്മെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം നടക്കണം. എഫേ. ൪: ൧. ഇപ്രകാരമുള്ള ഉപദേശം പഠിപ്പിക്കുന്നത് അശേഷം ആപൽക്കരമല്ല, നേരെമറിച്ചു വിശ്വാസികളെ ഉണൎത്തുന്നതും, ഉത്സാഹിപ്പിക്കുന്നതും, ഉജ്ജ്വലിപ്പിക്കുന്നതും ആകുന്നു. ശരിയായും ഇതരസത്യങ്ങളോടു ശരിയാംവണ്ണം യോജിപ്പിച്ചും ഉപദേശിക്കുന്നുവെങ്കിൽ സത്യം ആപൽക്കരമാകയില്ല.

ചോദ്യം ൨. ൧ കോരി. ൧൦: ൧൨-ാം വാക്യത്തെക്കുറിച്ചു നിങ്ങൾക്കെന്താണു പറവാനുള്ളത്?

ഉത്തരം. ഈ വാക്യം അയഥാൎത്ഥനിശ്ചയത്തിനെതിരായുള്ള ഒരു ഉത്ബോധനമാകുന്നു. ക്രിസ്തീയ നിശ്ചയത്തിന്റെ അടിസ്ഥാനം നമ്മിൽ അല്ല സ്ഥിതിചെയ്യുന്നത്, അടുത്തവാക്യം ഉജ്ജ്വലമായി സാക്ഷിക്കുന്നതുപോലെ ദൈവത്തിലും അവന്റെ വചനത്തിലുമത്രേ."

(രക്ഷനശിക്കുമെന്ന് അഭിപ്രായമുള്ളവർ ഈ ചോദ്യോത്തരങ്ങൾ വായിച്ചു സത്യം പരിഗ്രഹിക്കട്ടെ.)

(മ. വി. പ.)

# തിയോഡോഷ്യാ

വിശ്വാസസ്നാനവിഷയമായ ഒരു ആഖ്യായിക.

അദ്ധ്യായം ൫.

## സാക്ഷ്യപുസ്തകം.

മിസ്റ്റർ പേഴ്സി തന്റെ വാക്കനുസരിച്ച രാത്രി എട്ടുമണിയോടുകൂടി തിയോഡോഷ്യയുടെ വസതിയിൽ വന്ന്, അവളോട് ഇങ്ങനെ പറഞ്ഞു: നമുക്ക് ഈ വാദത്തിലേക്ക് ആവശ്യമുള്ള വേദസാക്ഷ്യങ്ങൾ തിരഞ്ഞുപിടിക്കാം. അവ ശേഖരിച്ചു കഴിഞ്ഞാൽ വിവാദസംഗതിക്ക് ഒരു തിരുമാനം വരുത്തുവാൻ എളുപ്പമുണ്ടാകുമല്ലോ.

അവൾ പുഞ്ചിരിയോടുകൂടി പറഞ്ഞു: അങ്ങിനെതന്നെ. “ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ! അവർ ഈ വാക്കുപോലെ പറയുന്നില്ലെങ്കിൽ—അവർക്കു അരുണോദയം ഉണ്ടാകയില്ല” (യെശ. ൮:൨൦) എന്നാണല്ലൊ തിരുവചനംപറയുന്നത്. അതുകൊണ്ടു തെളിവിനുള്ള സാക്ഷ്യപുസ്തകം ഇതാ എന്നും പറഞ്ഞുകൊണ്ടു പുതിയനിയമത്തിന്റെ ഒരു പഴയപ്രതി പേഴ്സിയുടെ വശം കൊടുത്തു.

പേഴ്സി:—എവിടെ നിന്നാണ് നാം തുടങ്ങേണ്ടത്? യേശുക്രിസ്തു തന്റെ ശിഷ്യന്മാരോടു സ്നാനം സഭായുഗം മുഴുവൻ തുടരെ നടത്തണമെന്നു കല്പിച്ചിട്ടുള്ളതായി നിനക്കഭിപ്രായമില്ലയോ?

തിയോ:—ഉണ്ടു.

പേഴ്സി:—എന്നാൽ കണ്ടുപിടിപ്പാൻ പ്രയാസമില്ല. നിന്നെയോ എന്നെയോ പോലെ ചെറുപ്പത്തിൽ തളിക്കപ്പെട്ടവർ സാക്ഷാൽ ബപ്തിസ്മ ഏറ്റിട്ടുണ്ടോ എന്നു ചിന്തിച്ചാൽ മതി. വേറൊരുവിധത്തിൽ പറഞ്ഞാൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ശിശുക്കളുടെമേൽ വെള്ളം തളിക്കുന്നതു ഈ പുസ്തകം ആവശ്യപ്പെടുന്നപ്രകാരമുള്ള ബപ്തിസ്മയാണോ?

തിയോ:— അതാണ് എനിക്കു അറിയേണ്ടതു. ഇന്നലെ ആററിൽവെച്ചു മുഴുകി സ്നാനം ഏററ സ്ത്രീ ബപ്തിസ്മപ്പെട്ടിട്ടുണ്ടെങ്കിൽ പള്ളിയിൽവെച്ചു തളിക്കപ്പെട്ട ഞാൻ ബപ്തിസ്മപ്പെട്ടിട്ടില്ല. കാരണം, സ്നാനം ഒന്നേയുള്ളൂ. അതു തളിപ്പോ മുഴുകലോ ഏതാണെന്ന് തെളിയണം.

പേഴ്സി:—അത്രേ ഉള്ളോ? എന്നാൽ ഒരു പ്രയാസവുമില്ല. തർക്കം മുഴുവൻ ഇപ്പോൾ തീരും. തളിപ്പും ഒഴിക്കലും മുഴുകലും എല്ലാം ബപ്തിസ്മ തന്നെ. വെള്ളം പ്രയോഗിച്ചുള്ള ഒരു മതകർമ്മം മാത്രമാണ് ബപ്തിസ്മ. അതിന്റെ രീതി അഥവാ പ്രയോഗം മുഖ്യസംഗതിയല്ല. ശരിയായ ഉദ്ദേശത്തോടുകൂടി സൗകര്യമുള്ള ഏതെങ്കിലും രീതിയിൽ അതു ചെയ്യാം. തളിപ്പിനും ചൊരിച്ചിലിനും നിമജ്ജനത്തിനും ഭേദമില്ല. ഇതറിയാഞ്ഞതുകൊണ്ടാണ് നിനക്കു കുഴക്കമുണ്ടായതു. ബപ്തിസ്മ എന്നുള്ള വാക്കിന്റെ അർത്ഥത്തെ നീ തെററിദ്ധരിച്ചു. ആ വാക്കിനു പല അർത്ഥങ്ങളുണ്ടെന്നല്ല ഒരർത്ഥം മാത്രമെ ഉള്ളു എന്നാണ് നീ വിചാരിച്ചു പോയതു.

തിയോ:—നിങ്ങൾ ഇപ്പോൾ പറയുന്നതെന്തെന്നു വേണ്ടപോലെ ഞാൻ ഗ്രഹിച്ചില്ലായിരിക്കാം. എന്റെ പ്രയാസം മുഴുകൽസ്നാനം കണ്ടപ്പോൾ ഉ

ണായ ബോധത്തിൻെറ ശക്തിനിമിത്തമാണ്. അതിനും എൻെറ സ്നാനത്തിനും തമ്മിൽ യാതൊരു സാമ്യവുമില്ല. അതുകൊണ്ടു സംഗതികളെ കുഴക്കാതെ യഥാർത്ഥസ്ഥാനം ഏതെന്നു കാണിച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

പേഴ്സി: ഞാൻ സംഗതികളെ കുഴക്കുകയല്ല, കുറേക്കൂടി തെളിയിക്കയാണു ചെയ്തിട്ടുള്ളതു്. ചില ക്രിയകൾക്ക് അതിൻെറ രീതിക്കല്ല, ഫലത്തിനാണു പ്രാധാന്യം. ദൃഷ്ടാന്തമായി, ഞാൻ എൻെറ വേലക്കാരനോടു ചന്തയിൽ പോകുക എന്നു പറഞ്ഞാൽ അവന് അവിടേയ്ക്കു ഓടുകയോ നടക്കുകയോ സവാരിപോകുകയോ ചെയ്യാം. എങ്ങിനെ പോയാലും അവൻ എന്നെ അനുസരിക്കുന്നു. അവൻ അവിടെ എത്തണമെന്നുള്ളതു മാത്രമാണു് എൻെറ നിയോഗം. അതിനാൽ പോക എന്ന വാക്കിൽ പല രീതികൾ അടങ്ങുന്നു. ഓടുകയെന്നോ നടക്കയെന്നോ പ്രത്യേകം ഞാൻ പറഞ്ഞാൽ മാത്രമെ എൻെറ വാക്കു നിവർത്തിക്കുന്ന രീതിയെക്കുറിച്ചു നിർബന്ധമുള്ളു. എന്നാൽ പോകയെന്നുപറയുമ്പോൾ അതില്ല. എൻെറ ആശയം ഇപ്പോൾ തെളിയുന്നില്ലേ?

തിയോ: പേഴ്സീ, നിങ്ങളുടെ അഭിപ്രായം എനിക്കു മനസ്സിലായി.

പേഴ്സി: നല്ലതുതന്നെ. "ബപ്റ്റൈറെസ്" എന്ന വാക്കു പല അർത്ഥങ്ങൾ അടങ്ങുന്ന ഒന്നാണെന്നാണ് ഞാൻ ധൈര്യമായി പറയുന്നതു്, എല്ലാജാതികളേയും സ്നാനപ്പെടുത്തുവിൻ എന്ന് യേശുക്രിസ്തു പറയുമ്പോൾ തളിക്കണമെന്നാകട്ടെ, ഒഴിക്കണമെന്നാകട്ടെ, നിമജ്ജിക്കണമെന്നാകട്ടെ അവൻ നിർബന്ധിക്കുന്നില്ല. അവരുടെ എണ്ണവും ഇഷ്ടവുംപോലെ ഏതുരീതിയെങ്കിലും അവർക്ക് എടുത്തുകൊള്ളാം. സകല ജാതികളേയും തളിക്കണമെന്നു തെളിച്ചുപറഞ്ഞിരുന്നെങ്കിൽ തളിപ്പുമാത്രം അംഗീകരിക്കേണ്ടിവരുമായിരുന്നു. അതുപോലെതന്നെയാണ് ഒഴിക്കൽ, മുഴുകൽ ഇവയുടെ സംഗതിയും.

തിയോ: എന്നാലും യേശുക്രിസ്തു സ്നാനപ്പെട്ടതു് ഇതിൽ ഏതെങ്കിലും ഒരു രീതി അവലംബിച്ചായിരിക്കുമല്ലോ. അതേരീതിയായിരിക്കണം അവൻെറ ശിഷ്യന്മാരും അനുകരിച്ചതു്. മററുരീതികൾ തള്ളി ആ ഏകരീതി കർത്താവും ശിഷ്യന്മാരും അംഗീകരിപ്പാൻ തക്കകാരണം ഉണ്ടായിരിക്കണം. എന്നാൽ അതു പലവിധ അർത്ഥമുള്ളതാണെന്നും മൂന്നോ നാലോ അർത്ഥം അതിനുണ്ടെന്നും നിങ്ങൾ എങ്ങിനെ അറിയുന്നു?

പേഴ്സി: ഡിക്ഷ്ണറിനോക്കിയാണ് അറിഞ്ഞതു്. വെബ്സ്റ്ററിൻെറ ഡിക്ഷ്ണറി സമ്മതിക്കത്തക്ക ഒരു പ്രമാണമല്ലയോ? ബപ്റ്റിസ്സ എന്നുവച്ചാൽ ജലം ഉപയോഗിച്ചുള്ള ഒരു മതകർമ്മം എന്നാണ് അതിൽ പറയുന്നതു്. ഇതിൽ പരം എന്തുവേണം?

തിയോഡോഷ്യയും പേഴ്സിയും തമ്മിൽ നടത്തിക്കൊണ്ടിരുന്ന ഈ സംഭാഷണം വിടാതെ ശ്രദ്ധിച്ചുകൊണ്ടിരുന്ന എഡ്വിൻ പെട്ടെന്ന് ഇങ്ങനെ പറഞ്ഞു:—ബപ്റ്റൈറെസ്, ബപ്റ്റിസ് ഇവ സാക്ഷാൽ ഇംഗ്ലീഷുവാക്കുകൾ അല്ലെന്നും, ബപ്റ്റിഡ്സോ, ബപ്റ്റിസ്മോസ് എന്നീ ഗ്രീക്കു വാക്കുകളെ ഇംഗ്ലീഷിൽ രൂപമാററം വരുത്തി പ്രയോഗിച്ചിരിക്കയാണെന്നും, ഇന്നലെ നാം കണ്ട ബപ്റ്റി [illegible]രൻ ഉപദേശി മിസ്റ്റർ ജെങ്

ഷ്യസ്സിനോടു പറയുന്നതു ഞാൻ കേട്ടു. മാത്രമല്ല, ആംഗ്ലിയാസഭയുടെ നടപടിക്കും വിശ്വാസത്തിന്നും വിപരീതം വരാതിരിപ്പാൻ ഈ വാക്ക തർജ്ജമചെയ്യേണ്ടാ എന്നും ജയിംസ് രാജാവു് വേദപുസ്തകഭാഷാന്തരകമ്മറ്റിയോടു കല്പിച്ചു എന്നും, നേരെമറിച്ചു വിവാദപദം ഇംഗ്ലീഷിൽ തർജ്ജമചെയ്തിരുന്നുവെങ്കിൽ മുഴുകൽ എന്നു തന്നെ ഇംഗ്ലീഷുവേദപുസ്തകത്തിൽ കാണുമായിരുന്നുവെന്നും അയാൾ പറകയുണ്ടായി.

പേഴ്സി: എഡ്വിനേ, ഇതൊന്നു് ഓൎക്കുക. ബപ്തിസ്റ്റുൻ പ്രെസ്ബിറ്റീറിയനേയും, മെതഡിസ്റ്റുകാരനേയും, ആംഗ്ലിയാക്കാരനേയുംകാൾ അറിവുള്ളവനായിരിപ്പാൻ ഇടയില്ല. മുഴുകൽ ആവശ്യമായിരുന്നെങ്കിൽ തന്നെ ഈ പഠിപ്പും പരിഷ്കാരവും ഇല്ലാത്ത വേർപാട്ടുകാർ അതു കണ്ടറിഞ്ഞു എന്നു വരികയില്ല. അല്പബുദ്ധികളെ മെരുട്ടുവാൻ അവർ സാധാരണ പറയുന്ന അൎത്ഥമാണതു്. വിദ്യയുള്ളലോകത്തോടു് അങ്ങിനെ പറവാൻ അവൎക്കു ധൈൎയ്യമുണ്ടാകയില്ല.

എഡ്വിൻ: മിസ്റ്റർ പേഴ്സി, അങ്ങിനെയല്ല. ഗ്രീക്കു നിഘണ്ഡുവിൽ ഈ വാക്കുകൾ ഞാൻ തന്നെ നോക്കിയിട്ടുണ്ടു്. ബപ്ററിഡ്സോ എന്നതിന്നു മുഴുകുക, മുക്കുക എന്നും, ബപ്ററിസ്മോസ് എന്നതിന്നു മുഴുകൽ, മുക്കൽ എന്നും അതിൽ അൎത്ഥം പറഞ്ഞിരിക്കുന്നു.

പേഴ്സി: ഛെ, ഛെ, അങ്ങിനെ വരികയില്ല. പക്ഷെ, ബപ്തിസ്തുകാരുടെ നിഘണ്ഡുവിലായിരിക്കാം നീ നോക്കിയതു്.

ഡോനെഗൻറെ ഗ്രീക്കു നിഘണ്ഡുവാണു് ഞാൻ നോക്കിയതു്. അതു് എൻറെ പക്കൽ ഉണ്ടു്. ഇതാ, എന്നു പറഞ്ഞു് പേഴ്സിയുടെ കയ്യിൽ [illegible] കൊടുക്കുന്നു.

മി: പേഴ്സി ഗ്രീക്കു ഭാഷയിൽ വലിയ നിപുണനല്ലായിരുന്നുവെങ്കിലും ആ ഭാഷ തടവുകൂടാതെ വായിപ്പാൻ കഴിവുണ്ടായിരുന്നു. എഡ്വിൻ വരയിട്ടിരുന്ന ഭാഗം നോക്കി അവൻ പറഞ്ഞതു ശരിയെന്നു സമ്മതിച്ചതിന്നുപുറമെ അതിനോടു ചേൎന്നുവരുന്ന മററു വാക്കുകളുടെ അൎത്ഥം മി: പേഴ്സി ഇങ്ങനെ വായിച്ചു.

ബപ്ററിഡ്സോ=ഒരു ദ്രാവകത്തിൽ ആവൎത്തിച്ചു മുക്കുക, മുഴുകുക, മുക്കുക, നിശ്ശേഷം നനയ്ക്കുക.

ബപ്ററിസ്, ബപ്ററിസിസ്മോസ്=മുഴുകൽ, മുക്കൽ

ബപ്ററിസ്റ്റ=മുക്കിയ അഥവാ മുഴുകിയ സാധനം.

ബപ്ററിസ്റ്റീസ്=മുക്കുന്നവൻ.

ബപ്റേറാസ്=മുക്കിയ, ചായം പിടിപ്പിച്ച.

ബാപ്റേറാ=മുക്കുക, വെള്ളത്തിൽ മുഴുകുക.

ഇത്രയും ആയപ്പോഴേക്കു പേഴ്സി വിസ്മയഭരിതനായി. ബപ്റൈറസ് എന്നുള്ളവാക്കു് ഗ്രീക്കു വാക്കാണെന്നും അതിന്നു ഈവിധത്തിലാണൎത്ഥമെന്നും അവൻ അറിഞ്ഞിരുന്നില്ല. അനന്തരം അതൊരു ബപ്തിസ്തു നിഘണ്ഡുവാണെന്നുള്ളതിന്നു് വല്ല തെളിവും കിട്ടുമോ എന്നു് പുസ്തകത്തിൻറെ പുറവും റൈറററിൽപേജും താല്പൎയ്യമായി പരിശോധിച്ചു. എന്നാൽ നേരെ മറിച്ചാണു കണ്ടതു്. മുഴുകസ്നാനത്തിന്നു വിപരീതമുള്ള പ്രസ്ബിററീിയൻ സഭയുടെ തലസ്ഥാനമായ ന്യൂജെഴ്സിയിലെ പ്രിൻസ്റ്റൺ തിയോളജിക്കൽ സെമിനാരിയുടെ അദ്ധ്യക്ഷസംഘത്തിൽപെട്ട ഏതാനും പേരുടെ ആമുഖ്യത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട

അവർ പ്രയോഗിച്ചിട്ടുള്ള ബപ്ടൈറസ് എന്ന വാക്കിന്റെ അർത്ഥം അവരോട്ടു ചോദിച്ചു നമുക്കു മനസ്സിലാക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് അതിന്റെ സാധാരണാർത്ഥമെന്തെന്നു ഗ്രീക്കുസാഹിത്യങ്ങൾ നോക്കി മനസ്സിലാക്കണം. ആവക സാഹിത്യങ്ങൾ നോക്കിയാണല്ലോ നിഘണ്ടുകാരന്മാർ നിഘണ്ടുക്കൾ ചമച്ചിരിക്കുന്നതു്. അതിനാൽ അവ തിരയുന്നതു നിഷ്ഫലമായി വരികയില്ല.

തിയോ: മിസ്റ്റർ പേഴ്സി, നിങ്ങൾ ഒരു ജഡ്ജിയേപ്പോലെതന്നെ സംസാരിക്കുന്നു. നിഘണ്ടുക്കളെല്ലാം മുഴുകൽ എന്നർത്ഥം പറയുമ്പോൾ നിങ്ങൾ എന്തുചെയ്യും?

പേഴ്സി: സ്നാനപ്പെട്ടവർ എല്ലാം മുക്കപ്പെട്ടു എന്നു വിശ്വസിക്കയോ അല്ലാത്തപക്ഷം നിഘണ്ടുക്കളുടെ സാധുത്വത്തെ നിഷേധിക്കയോ ചെയ്യാതെ ഗത്യന്തരമില്ല.

തിയോ: ഈ വാക്കിനെ സംബന്ധിച്ചു് നിഘണ്ടുക്കളുടെ സാധുത്വത്തെ നിങ്ങൾ നിഷേധിക്കുന്നതായാൽ മററു വാക്കുകളുടെ അർത്ഥത്തെ സംബന്ധിച്ചു നമുക്കു് ഉറപ്പുണ്ടാകുന്നതു് എങ്ങിനെ? എഡ്വിൻകുഞ്ഞു ഗ്രീക്കുപഠിക്കുന്നുണ്ടു്. അവനു സംശയം വരുമ്പോഴെല്ലാം നിഘണ്ടുക്കൾ നോക്കിയാണു് അർത്ഥനിർണ്ണയം ചെയ്യുന്നതു്. ബപ്ടൈറസ് എന്ന ഒരേവാക്കിന്റെ അർത്ഥത്തിൽ നിഘണ്ടുക്കൾ തെററുന്നെങ്കിൽ മറേറതിലാണു തെററാത്തതു്? നിഘണ്ടുക്കൾ തെററിയാൽ അഭയംപ്രാപിക്കാൻ മറെറന്താണുള്ളതു്?

പേഴ്സി: നിശ്ചയമായും ഉണ്ടു്. ഇംഗ്ലീഷു് പഠിക്കുമ്പോൾ എന്നപോലെ ഗ്രീക്കുപഠിക്കുമ്പോഴും ഒരു നിഘണ്ടുകാരന്റെ അടുക്കൽ നിന്നു വേറൊരു നിഘണ്ടുകാരന്റെ അടുക്കലേക്കുപോകാം.

തിയോ: എനിക്കു് ഒരു ചോദ്യംകൂടെ ഉണ്ടു്. ഈ നിഘണ്ടുക്കളിൽ ഏതെങ്കിലും ബപ്റ്റിസ്റ്റുപദേശങ്ങൾ പഠിപ്പിക്കുന്നതിനു് ഉണ്ടാക്കിയിട്ടുള്ളവയാണോ? അങ്ങിനെയെങ്കിൽ അവ സന്ദിഗ്ദ്ധസാക്ഷ്യങ്ങളാണെന്നുവരാം. എന്നാൽ അങ്ങിനെ അല്ലാത്തപക്ഷം ഒരു ശബ്ദകോശം വിട്ടു വേറൊന്നിലേക്കു് എന്തിനുപോകുന്നു.

പേഴ്സി: ശരിതന്നെ. ഗ്രീക്കുവിദ്യാർത്ഥികളെ സഹായിപ്പാൻ പണ്ഡിതന്മാർ നിർമ്മിച്ചിട്ടുള്ള ശബ്ദകോശങ്ങൾ ഏതെങ്കിലും ഉപദേശം സ്ഥാപിപ്പാനായി നിർമ്മിച്ചിട്ടുള്ളതല്ല. മാത്രമല്ല, നിഘണ്ടുക്കൾ ഉണ്ടാക്കിയിട്ടുള്ളതു് ബപ്റ്റിസ്റ്റുകാരുമല്ല. അർത്ഥം കൊടുക്കുന്നകാര്യത്തിൽ എല്ലാ നിഘണ്ടുകാരന്മാരും ഒരുപോലെ യോജിച്ചാൽ അവർ സ്വാഭിപ്രായം സ്ഥാപിക്കുന്നതിനു്, തുനിഞ്ഞിട്ടില്ലെന്നു നമുക്കു സ്പഷ്ടമായി ഗ്രഹിക്കാം. ഞങ്ങളുടെ കോളജ് ലൈബ്രറിയിൽ ഈവമാതിരി നിഘണ്ടുക്കൾ വളരെയുണ്ടു്. നാളെ അവ പരിശോധിച്ചു ഫലം നിന്നെ അറിയിക്കാം.

ഇങ്ങിനെ പറഞ്ഞു പേഴ്സി തന്റെ വീട്ടിലേക്കുപോയി. അദ്ദേഹം തന്റെ മുറിയിൽ ഒരു കസാലയിൽ കിടന്നുകൊണ്ടു് ഇപ്രകാരം ചിന്തിച്ചു. ബപ്ററിഡ്സോ എന്ന വാക്കിനു് അതിന്റെ പ്രധാനവും സാധാരണവുമായ അർത്ഥം മുഴുകൽ എന്നാണെങ്കിൽ യേശുക്രിസ്തു മുഴുകി സ്നാനപ്പെട്ടു എന്നുവരും. അങ്ങിനെയെങ്കിൽ ഒരാൾ സ്നാനപ്പെട്ടു എന്നു വേദപുസ്തകം പറയുമ്പോൾ അവൻ, മുഴുകിയെന്നാ

ണ് അത്ഥം. അങ്ങിനെ സംഭവിക്കുമോ എന്ന് എനിക്ക വളരെ സംശയമുണ്ട്. അങ്ങിനെയെങ്കിൽ നമ്മുടെ സഭയിലുള്ള മഹാവിദ്വാന്മാർ അതു കണ്ടുപിടിച്ചില്ലെന്നുവരുമോ? പക്ഷേ, അവരതറിഞ്ഞാലും മറച്ചുവെച്ചുകളഞ്ഞു എന്നുള്ളതു സംഭാവ്യമാണോ?

സംഭാഷണാനന്തരം തിയോഡോഷ്യ തൻെറ മുറിയിലേക്ക പോയി. ഏതാനും നിമിഷം പരിശുദ്ധാത്മനടത്തിപ്പു ലഭിക്കുന്നതിന്നായി അവൾ പ്രാത്ഥിച്ചു. പിന്നീട്ട പുതിയനിയമം എടുത്തു സ്നാനാത്ഥികൾ യോർദാൻ നദിയിൽ എങ്ങിനെ സ്നാനപ്പെട്ടു എന്നു വായിപ്പാൻ തുടങ്ങി. സ്നാനപ്പെട്ടശേഷം യേശു വെള്ളത്തിൽ നിന്നു കരേറിയതു് എങ്ങിനെ? ഫിലിപ്പും ഷണ്ഡനും ഒരുമിച്ചു വെള്ളത്തിൽ ഇറങ്ങുകയും വെള്ളത്തിൽനിന്നു കയറുകയും ചെയ്തതു് എന്തിന്? വേദപുസ്തകത്തിലുള്ള ഈ വാക്യാംശങ്ങളെ തലേദിവസം താൻ കണ്ട സ്നാനത്തോട്ട ചേത്തു് ആലോചിച്ചു. ഇതിനാൽ യേശുവിൻെറ സ്നാനവും ഷണ്ഡൻെറ സ്നാനവും നിമജ്ജനം തന്നെയായിരുന്നുവെന്നു് അവൾക്ക ബോദ്ധ്യപ്പെടുന്നതിന് ശബ്ദകോശത്തിൻെറ ആവശ്യം കണ്ടില്ല. നിമജ്ജനത്തിന്നല്ലാതെ വെള്ളത്തിൽ ഇറങ്ങിയതെന്തിന്? ആ കമ്മം നദിയിൽവെച്ചു നടന്നതു് എന്തുകൊണ്ട്? ഇക്കാലത്തു സ്നാനാത്ഥികളെ തളിക്കുന്നതിന്ന ശുശ്രൂഷകന്മാർ നദിയിലേക്ക പോകുന്നില്ലല്ലോ. അങ്ങിനെ ചെയ്വാൻ ആവശ്യവുമില്ല. "ഈ നിമജ്ജനസ്നാനം ശരിയെന്നു വരുന്നപക്ഷം ഈ എളിയ കൂട്ടരോട്ട യോജിച്ചു ഞാൻ സ്നാനപ്പെടേണമേയോ? ഞാൻ സ്നേഹിക്കുന്ന സഭയുടെ കൂട്ടായ്മയിൽനിന്നും ഞാൻ പിരിയേണ്ടി വരുമല്ലൊ. കൂടാതെ, എൻെറ മാനസാന്തരത്തിന്ന കാരണഭൂതനും എനിക്ക ഗുണദോഷം പറഞ്ഞുതരികയും എനിക്കവേണ്ടി പ്രാത്ഥിക്കയും സ്വന്തകുട്ടിയെപ്പോലെ എന്നെ സ്നേഹിക്കയും ചെയ്തിട്ടുള്ള വൃദ്ധനായ ഞങ്ങളുടെ ഇടവകപ്പട്ടക്കാരനെയും വിട്ടുപിരിയേണ്ടിവരികയില്ലയോ?" ഈ വിചാരങ്ങൾ അവളുടെ ഹൃദയത്തിൽ കൂടി കടന്നുപോയപ്പോൾ അവൾ ഭയപരവശയായി തൻെറ കിടക്കയിൽ വീണ് ഉറക്കെ കരഞ്ഞു. തിയോഡോഷ്യയുടെ കരച്ചിൽ ശബ്ദം കേട്ട് അവളുടെ അമ്മ അവളുടെ അടുക്കലേക്ക് ഓടിവന്നു. മിസ്സസ് എർനസ്റ്റ് മകളുടെ കിടക്കയുടെ അരികെ മുട്ടുകുത്തി തൻെറ കൈകൊണ്ട് അവളുടെ കൈകളെപിടിച്ചു് ഈ നൊമ്പരവിചാരങ്ങളെ അവളുടെ മനസ്സിൽനിന്നു തുരത്തുവാൻ കഴിവതും ശ്രമിച്ചു. അവളെപ്പോലെയുള്ള ഒരു പെൺകുട്ടി ഇടവകപ്പട്ടക്കാരനും സഭയിലെ മററ് അധികാരികൾക്കും തങ്ങളുടെ ആയുസ്സുകാലം മുഴുവൻ വേദപരിചിന്തനാത്ഥം ചെലവുചെയ്ത വലിയ പണ്ഡിതന്മാക്ക് എതിരായി സ്വാഭിപ്രായം സ്ഥാപിപ്പാൻ പുറപ്പെടുന്നതു് ഒരു വലിയ സാഹസമാണെന്ന് തൻെറ മകളോട്ട മാതാവു പറഞ്ഞു. തന്നെ സംബന്ധിച്ചു് മിസ്സസ് എർനസ്ററ് സംഭാഷണമദ്ധ്യേ ഇങ്ങനെ പറഞ്ഞു: എൻെറ കായ്യം പറകയെന്നിരുന്നാൽ ജോൺസനച്ചൻ ഏതെങ്കിലും ഒരു സംഗതി വേദപുസ്തകത്തിൽ ഉണ്ടെന്നുപറഞ്ഞാൽ അതവിടെ ഉണ്ടോ എന്നു തക്കം കൂടാതെ തന്നെ ഞാൻ വിശ്വസിക്കും. കാരണം, എന്നേക്കാൾ അദ്ദേഹത്തിനാണ് ഈ വിഷയങ്ങളിൽ കൂടുതൽ അന്വേഷിപ്പാൻ സൗകയ്യം. മാത്രവുമല്ല, ഈ കായ്യങ്ങൾക്കായിതന്നെ അദ്ദേഹം ഏല്പ്പെട്ടിരിക്കയു

മാണ്. അതിനാൽ തളിപ്പ് യഥാത്ഥസ്ഥാനമല്ലായിരുന്നെങ്കിൽ അതു് അദ്ദേഹം ആചരിക്കയില്ലായിരുന്നു.

മാതാവിന്റെ ഈ വാക്കുകൾ കേട്ടുകൊണ്ടിരുന്ന ആ പെൺകുട്ടി തള്ളയോട്ട് ഇങ്ങിനെ പറഞ്ഞു. അമ്മേ, മിസ്റ്റർ ജോൺസനോടല്ല, ദൈവത്തോടാണ ഞാൻ ഉത്തരം പറയേണ്ടതു്. ഞാൻ അദ്ദേഹത്തേക്കാൾ എന്റെ രക്ഷിതാവിനെ സ്നേഹിക്കുന്നു. മി: ജോൺസൻ ഒരു വിധത്തിലും യേശുക്രിസ്തു വേറൊരു വിധത്തിലും പറയുന്നതായാൽ മനുഷ്യരേക്കാൾ യേശുക്രിസ്തുവിനെ അനുസരിക്കേണ്ടതാണെന്നു മി. ജോൺസൻ തന്നെ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളതനുസരിച്ച്, യാതൊരു കൃത്തിപ്പുമെന്യെ രക്ഷിതാവിനെ ഞാൻ അനുസരിക്കാതെ നിവൃത്തിയില്ല.

അമ്മ:—എന്റെ കുഞ്ഞെ, നിശ്ചയമായി നീ അങ്ങിനെ ചെയ്തുകൊൾക. നിന്നേക്കാൾ രക്ഷിതാവിന്റെ കല്പനകളെ അറിയുന്നതു മിസ്റ്റർ ജോൺസനാണ്. നീ ശരിയായി സ്നാനപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം നിനക്കു ബോധ്യം വരുത്തും. അദ്ദേഹത്തിന്റെയും നിന്നെ സ്നാനപ്പെടുത്തിയ ഡോക്ടർ ഫിഷറിന്റെയും അഭിപ്രായം ഇക്കാര്യത്തിൽ ഒന്നു തന്നെയാണ്. നിന്റെ സ്നാനം നീ ഓർക്കുന്നുണ്ടായിരിക്കുമല്ലോ?

തിയോ:—അമ്മേ, ഡോക്ടർഫിഷർ എന്റെ മുഖത്തു കുറെ വെള്ളം തളിച്ചതു ഞാൻ ഓർക്കുന്നു. എന്നാൽ ഞാൻ ഇന്നലെ ആററിൽവെച്ചു കണ്ടതു് യഥാത്ഥസ്നാനമാണെങ്കിൽ ഞാൻ സ്നാനപ്പെട്ടിട്ടേ ഇല്ല.

അമ്മ:—എന്റെ പ്രിയ കുഞ്ഞെ, ഏതായാലും നീ പോയി ഉറങ്ങി ആശ്വസിക്ക്. നമ്മുടെ പട്ടക്കാരന് ആളയച്ച് അദ്ദേഹത്തെ നാളെ ഇവിടെ വരുത്താം. അദ്ദേഹം നിന്റെ മനസ്സിലെ പ്രയാസങ്ങൾ നീക്കിക്കളയും.

തിയോ:—നല്ലതുതന്നെ. ഞാൻ ഉറങ്ങാൻ ശ്രമിക്കാം. അമ്മേ, സലാം.

(തുടരും.)

## ഇനിയും ശ്രദ്ധിക്കയില്ലയോ?

വിയോജിതൻ മാസികയുടെ ൮-ാം വാല്യം ൰൨-ാം ലക്കമാണല്ലോ ഇപ്പോൾ പുറപ്പെടുവിക്കുന്നതു്. ഇതിനകം ഞങ്ങളുടെ വി. പി. സ്വീകരിച്ചും, മററു വിധേനയും വരിസംഖ്യ അയച്ചുതന്നു സഹായിച്ച എല്ലാ മാന്യന്മാരോടും ഞങ്ങൾക്കുള്ള കൃതജ്ഞത പ്രദർശിപ്പിച്ചുകൊള്ളുന്നു. വി. പി. അയച്ചിട്ടു നിഷേധിക്കയും, മാസികയിൽ പല തവണ വിജ്ഞാപനം ചെയ്തിട്ടു ശ്രദ്ധിക്കാതിരിക്കയും, അനേക പ്രാവശ്യം പിരിവുകാർ ചെന്നു നിർബന്ധിച്ചിട്ടും ആഫീസിൽ നിന്നു കത്തുകൾ അയച്ചിട്ടും കണ്ണു തുറക്കാതിരിക്കയും ചെയ്തിട്ടുള്ള മഹാന്മാരോട് ഇതു സംബന്ധമായി ഇനിയും എന്താണു ചെയ്യേണ്ടതു് എന്നറിയുന്നില്ല. അതുകൊണ്ടു് ഈ ലക്കം കിട്ടുന്നതിനോടുകൂടി എങ്കിലും ദയചെയ്തു പണം അയച്ചുതന്നു് ഈ ക്രിസ്തീയപരിശ്രമത്തെ സഹായിക്കണമെന്ന് അന്ത്യമായി അപേക്ഷിച്ചുകൊള്ളുന്നു.

മാനേജർ.

# ലോകപ്രസിദ്ധനായ മൂഡിസായ്പ്പ്.

ലോകത്തിൽ ജീവിച്ചിരുന്നിട്ടുള്ള എത്രയും വലിയ സുവിശേഷകന്മാരിൽ ഒരാളായിരുന്നു ഡി. എൽ. മൂഡി എന്നു തീൎത്തുപറയാം. മൂഡിയും സാങ്കിയും ചേൎന്നു നടത്തിയിട്ടുള്ള യോഗങ്ങൾ അറിയപ്പെട്ടിട്ടുള്ള സകല യോഗങ്ങളിൽവച്ചു ഏററവും മഹത്തായവയാണ്. സഭയ്ക്കു് പുതിയ ജീവനും പ്രവൎത്തകശക്തിയും കൊടുക്കുവാൻ അവർ ദൈവത്തിന്റെ കയ്യിൽ ഉപകരണങ്ങളായിരുന്നു. ആയിരം പതിനായിരങ്ങളെ ദൈവരാജ്യത്തിലേക്കു ബന്ധപ്പെടുത്തുവാൻ അവർമുഖാന്തിരങ്ങളായിത്തീൎന്നു.

മി: മൂഡി ശക്തന്മാരെ കുഴക്കുവാൻ ദൈവം തിരഞ്ഞെടുത്തിട്ടുള്ള ദുൎബ്ബലോപകരണങ്ങളിൽ ഒന്നായിരുന്നു. ക്രിസ്മസ് ഇവാൻസിനെപ്പോലെ വളരെ കുറച്ചു വിദ്യാഭ്യാസം മാത്രമേ അവനു ലഭിച്ചിരുന്നുള്ളു. പതിനേഴുവയസ്സുള്ളപ്പോൾതന്നെയും ശരിയായി വായിപ്പാനും എഴുതുവാനും അവനു കഴിഞ്ഞില്ല. ഒരു ബൈബിൾക്ലാസിൽവച്ചു് അദ്ധ്യാപകൻ അവനോടു് വേദപുസ്തകത്തിൽ നിന്നു യോഹന്നാന്റെ സുവിശേഷം നോക്കിയെടുക്കാൻ പറഞ്ഞപ്പോൾ പഴയ നിയമത്തിലാണ് അവൻ തിരഞ്ഞതു്. മാനസാന്തരശേഷം അവൻ ഒരു തികഞ്ഞ പണ്ഡിതനായിത്തീൎന്നു. നിരീക്ഷണപഥത്തിൽ അവനോളം അഭ്യസിച്ചിട്ടുള്ളവർ ഇല്ലെന്നുതന്നെ പറയാം.

ഡൈററ്ലൈമാൻ മൂഡി ന്യൂ ഇംഗ്ലണ്ടിൽ കുടിയേറിയ പഴയ പ്യൂറിട്ടൻ വൎഗ്ഗത്തിൽപെട്ട ഒരുവനായിരുന്നു. ഏഴു തലമുറയോളം, അതായതു ഇരുനൂറു സംവത്സരത്തോളം, അവന്റെ പൂൎവ്വികന്മാർ കണക്ററിക്കററു് താഴ്വരയിൽ കൃഷിക്കാരായി ശാന്തജീവിതം നയിച്ചുവന്നു. ഒരു ന്യൂ ഇംഗ്ലണ്ടുകാരന്റെ ശരീരദാൎഢ്യവും സ്ഥിരമായ വിവേകബുദ്ധിയും മൂഡിക്കുണ്ടായിരുന്നു. ഒൻപതു കുഞ്ഞുങ്ങൾ ഉള്ള ഒരു കുടുംബത്തിൽ ആറാമത്തെ കുട്ടിയായ അവൻ മസാച്ചുസെററ്സിലുള്ള നോൎത്തഫീൽഡ് നഗരത്തിൽ 1837 ഫെബ്രുവരി അഞ്ചാംതീയതി ജനിച്ചു. ഈ നഗരത്തിൽതന്നെയാണ് പിന്നീട് വിശ്വവിഖ്യാതമായ മഹാവേദപാഠശാലകൾ അവൻ സ്ഥാപിച്ചതു്. അവന്റെ ജനനനഗരം സൎവ്വദാ അവനു പ്രിയതരമായിരുന്നു. ദീൎഘവും ശ്രമകരവുമായ സുവിശേഷമഹായോഗങ്ങൾ നടത്തി വിശ്രമാൎത്ഥം ഈ നഗരത്തിലേക്കു വരുന്നതു് അവന്റെ മഹാസന്തോഷങ്ങളിൽ ഒന്നായിരുന്നു.

മൂഡിയുടെ അപ്പൻ നാല്പത്തൊന്നു വയസ്സുള്ളപ്പോൾ മരിച്ചു. വസ്തുക്കൾ പണയം എഴുതിയിരുന്നതിനാൽ വിധവയും മക്കളും ദാരിദ്ര്യവാരിധിയിൽ പതിച്ചു. കടക്കാർ സകലവും അതായതു് തീ കായുന്നതിനുള്ള വിറകുകൂടി കൊണ്ടുപോയി. തണുപ്പുകാലങ്ങളിൽ ചൂടുണ്ടാകുവാൻ സ്കൂൾസമയംവരെ കുട്ടികൾ കിടക്കയിൽ കിടക്കേണ്ടിവന്നു. മൂഡിയുടെ ഒരു മാതുലൻ അവരുടെ ഈ കഷ്ടാവസ്ഥകണ്ടു് ചില ചില്ലറ സഹായങ്ങൾ ചെയ്തു. ദാരിദ്ര്യത്താൽ അവർ തീരെ വിഷമിച്ചപ്പോൾ യൂനിടേറിയൻ സഭാശുശ്രൂഷകനായ റവ: മി: എവറററ് വളരെ ദയകാണിച്ചു. അതിനാൽ ഈ കുഞ്ഞുങ്ങൾ അയാളുടെ സണ്ടേസ്കൂളിൽ ചേൎന്നു. മററു കുട്ടികളേയും കൂടി വിളിച്ചുകൊണ്ടുവരുന്ന പ്രവൎത്ത

കന്മാരുടെ കൂട്ടത്തിൽ ഇവരും തങ്ങളെ പോഷിപ്പിച്ചു. ഈ പാഠശാലയിൽ വച്ചാണ് നമ്മുടെ കഥാപുരുഷൻ വളരെ ഫലപ്രാപ്തിയുള്ള ഒരു സണ്ടേസ്കൂൾ പ്രവർത്തകനായിത്തീർന്നത്. ഈ സാധുവായ തള്ള തന്റെ കുഞ്ഞുങ്ങളെ ക്രിസ്തീയനിലയിൽ വളർത്തി വന്നു. അതുകൊണ്ട് അക്കാലത്തെ ബാല്യക്കാരെപ്പോലെ മൂഢിച്ച് നികൃഷ്ട പാപങ്ങളിൽവീഴുവാൻ ഇടയായില്ല. കള്ളം പറച്ചിൽ, മററുള്ളവരെക്കുറിച്ച് ദൂഷ്യം സംസാരിക്കുക, വാക്കുവ്യത്യാസം ഇത്യാദി വല്ലായ്മകൾ ഭവനത്തിൽ അനുവദിക്കപ്പെട്ടിരുന്നില്ല. ഒരു രാത്രി കുഞ്ഞുങ്ങൾക്കു തന്നെ ആഹാരം തീരെ മതിയാകാതെ വന്നിട്ടും അതിന്റെ ഒരു ഭാഗം അവർ ഒരു യാചകനു കൂടി വീതിച്ചുകൊടുത്തു. എട്ടുവയസ്സുള്ളപ്പോൾ ഡ്വൈററും അവന്റെ ഒരു ജ്യേഷ്ഠനുംകൂടി ഒരു വള്ളത്തിൽ കയറി നദി കടക്കുമ്പോൾ വള്ളക്കാരൻ അമിതമായി മദ്യപിച്ചിരുന്നതിനാൽ തുഴയാതിരിക്കയും വള്ളം കീഴോട്ടുപോകയും ചെയ്തു. ഡ്വൈററു തന്റെ സഹോദരനോടു കർത്താവിൽ ആശ്രയിക്കാൻ പറഞ്ഞു. ഒടുവിൽ യാതൊരാപത്തും പിണയാതെ അക്കരെയെത്തി. ഡ്വൈററ് ഒരു കുസൃതിയായിരുന്നെങ്കിലും ദുഷ്ടനല്ലായിരുന്നു.

പള്ളിയിലേക്കു പോകുമ്പോൾ കുട്ടികൾ തങ്ങളുടെ ചെരിപ്പും കാലുറകളും കൈയിലെടുത്തുകൊണ്ടു പോകയാണു പതിവ്. പള്ളിയോടടുക്കുമ്പോൾ അവ ധരിച്ചുവന്നു. തേഞ്ഞുപോകാതിരിപ്പാനാണ് ഇങ്ങനെ ചെയ്തത്. ഇതിൽ നിന്ന് ആ കുടുംബത്തിലുണ്ടായിരുന്ന ദാരിദ്ര്യത്തിന്റെ അഗാധത മനസ്സിലാക്കാം. ആഴ്ചവട്ടം മുഴുവൻ കഠിനമായി അദ്ധ്വാനിച്ചുവെച്ച് പള്ളിയിൽ ചെന്ന് തനിക്കു മനസ്സിലാകാത്ത പ്രസംഗം കേട്ടുകൊണ്ടിരിക്കുന്നത് വളരെ പ്രയാസമായി ഡ്വൈററിനു തോന്നി. ഒരിക്കൽ പ്രസംഗസമയത്ത് ഉറക്കം തൂങ്ങുന്ന ഡ്വൈററിനെ ഉണർത്താനായി ഗാലറിയിലേക്ക് പട്ടക്കാരൻ ഒരാളിനെ അയക്കേണ്ടിവന്നു. ഇങ്ങനെ നല്ല മനസ്സോടല്ലെങ്കിലും പള്ളിയിൽ പതിവായി പോകനിമിത്തം ഞായറാഴ്ച വെറുതേ വീട്ടിൽ ഇരുന്നു കളവാൻ അവനു കഴിഞ്ഞില്ല. തന്റെ മാതാവിന്റെ നിർബ്ബന്ധത്താൽ ഇങ്ങനെ ഒരു പരിശീലനം അവനു സിദ്ധിച്ചതിനെപ്പററി പില്ക്കാലത്ത് തന്റെ അമ്മയ്ക്കു് അവൻ പലപ്പോഴും വന്ദനം പറഞ്ഞിട്ടുണ്ടു്.

പത്തുവയസ്സുള്ളപ്പോൾ പതിമൂന്നു മൈൽ അകലെ പാർക്കുന്ന തന്റെ വേറൊരു സഹോദരനോടുകൂടി പാർപ്പാൻ നമ്മുടെ കഥാപുരുഷൻ വീട്ടുവിട്ടുപോയി. ഇതു മാതാവിനും മകനും വളരെ സങ്കടമായിരുന്നു. പുതിയ സ്ഥലത്ത് അവൻ ചെന്നെത്തിയപ്പോൾ ഒരു വൃദ്ധൻ അവന് ഒരു പെനി കൊടുത്തിട്ട് കർത്താവിൽ ആശ്രയിപ്പാൻ പറഞ്ഞു. "ആ വൃദ്ധന്റെ ആശീർവചനം ഈ അൻപതുകൊല്ലം മുഴുവൻ എനിക്ക് ഫലപ്രദമായിത്തീർന്നിരിക്കുന്നു" എന്ന് മി: മൂഡി തന്റെ അന്ത്യകാലങ്ങളിൽ പറഞ്ഞിട്ടുണ്ട്.

പതിനേഴാം വയസ്സിൽ കൃഷിപ്പണിയിൽ അവൻ വിമുഖനായിത്തീരുകയും മററുവല്ല ജോലിയുംകിട്ടുമോ എന്നുനോക്കുവാൻ ബോസ്റ്റണിലേക്കുപോകുകയും ചെയ്തു. ഒരു കാശും കൂടാതെയാണ് അവൻ അവിടെ പോയത്. അവിടെ യാതൊരു ജോലിയും കിട്ടായ്കയാൽ അവൻ വളരെ നിരാശനായി. കുറേക്കഴിഞ്ഞു് ചെരിപ്പുജോലിയുണ്ടായിരുന്ന ത

ന്റെ ഒരു ചാർച്ചക്കാരനോടുകൂടി ചേന്നു. അചിരേണ അവൻ ഒരു നല്ല വില്പനക്കാരനാകയും മൌണ്ടുവെർണൻ കോൺഗ്രിഗേഷനൽ സൺഡേസ്കൂളിൽ ചേന്നു പഠിക്കുകയും ചെയ്തു. വിദ്യാഭ്യാസമില്ലാതിരുന്നതുകൊണ്ടു് സൺഡേസ്കൂൾ ക്ലാസ്സിൽ നടന്ന വാദപ്രതിവാദങ്ങളിൽ ചേരാൻ കഴിയാതെപോയി. അവനെ പഠിപ്പിച്ചിരുന്ന മി: കിംബൾ അവന്റെ പേരിൽ വളരെ താല്പൎയ്യം കാണിച്ചു. മി: കിംബലിൽ നിന്നാണു് രക്ഷാമാൎഗ്ഗത്തെക്കുറിച്ചുള്ള അറിവു ഡ്വൈററിനു കിട്ടിയതു്.

ഈ സംഗതിയെപ്പററി മി: കിംബൾ ഇങ്ങനെ പറയുന്നു. "മൂഡിയോടു് അവന്റെ ആത്മാവിനെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും സംസാരിപ്പാൻ ഞാൻ നിശ്ചയിച്ചു. അതിന്നായിട്ടു ഫോൾട്ടറിന്റെ ചെരിപ്പുകടയിലേക്കു ഞാൻ പോയി. മിക്കവാറും അതിന്നോടടുത്തപ്പോൾ കടയിൽ ജോലിസമയത്തു ചെല്ലുന്നതു നല്ലതോ എന്നെനിക്കു സംശയം തോന്നി. എന്റെ ചെലവു കുട്ടിയെ മിനക്കെടുത്തുവാൻ സംഗതിയായേക്കുമോ എന്നും ഞാൻ അവനെ കണ്ടുവെച്ചു പോരുമ്പോൾ അവിടെയുള്ള മററു കണക്കെഴുത്തുകാർ ഞാൻ ആരാണെന്നു് അവനോടു ചോദിച്ചറിഞ്ഞിട്ടു് അവനെ നന്നാക്കാൻ ഞാൻ ചെന്നതിനെപ്പററി അവനെ പരിഹസിക്കുമോ എന്നും ഞാൻ ശങ്കിച്ചു. എന്റെ മനസ്സിൽക്കൂടി ഈ വിചാരങ്ങൾ കടന്നുപോയപ്പോഴേക്കും ഞാൻ സ്റ്റോറിന്റെ അടുത്തെത്തി. എന്തായാലും മൂഡിയെ കണ്ടുകളകയെന്നു നിശ്ചയിച്ചു ഞാൻ അകത്തു കടന്നപ്പോൾ മൂഡി കെട്ടിടത്തിന്റെ പിൻഭാഗത്തു് ചെരിപ്പുകളുടെയിടയിൽ ഇരിക്കുന്നതു കണ്ടു. അടുത്തുചെന്നു് എന്റെ കൈ അവന്റെ തോളിന്മേൽ വച്ചുകൊണ്ടു് ക്രിസ്തുവിനുവേണ്ടി ഏതോ ചില വാക്കുകൾ ഞാൻ അവനോടു പറഞ്ഞു. ആ അവസരത്തിൽ ഞാൻ ഉപയോഗിച്ച വാക്കുകൾ എന്തെന്നു് എനിക്കോ മൂഡിക്കോ ഇപ്പോൾ അറിഞ്ഞുകൂടാ. ക്രിസ്തു അവനെ സ്നേഹിക്കുന്നതുകൊണ്ടു് അവൻ ക്രിസ്തുവിനെ സ്നേഹിക്കണം എന്നു പറഞ്ഞതായിട്ടാണു് എന്റെ ഓൎമ്മ. ഇതിൽ കൂടുതൽ ഒന്നും ഉണ്ടായില്ല. അപ്പോൾ അവന്റെ മേൽ ഉദിപ്പാൻ പോകുന്ന പ്രകാശത്തെ അംഗീകരിക്കുവാൻ അവൻ തയാറുള്ളതുപോലെ കാണപ്പെട്ടു. അവിടെവച്ചു് അതായതു് ബോസ്റ്റണിലെ ചെരിപ്പുകടയുടെ പിൻവശത്തുവച്ചു് അവൻ തന്നെയും തന്റെ ജീവനേയും ക്രിസ്തുവിനു സമൎപ്പിച്ചു.

മൂഡിയുടെ മുഴുജീവിതവും ഇപ്പോൾ ഭേദപ്പെട്ടു. അതു് ഒരു സന്തോഷമുള്ള ക്രിസ്തീയ ജീവിതമായിത്തീൎന്നു. അവൻ ഇങ്ങിനെ പറയുന്നു. "എന്റെ മാനസാന്തരത്തിനു മുൻപു കരിശിങ്കലെത്തുവാൻ ഞാൻ വേലചെയ്തു. എന്നാൽ മാനസാന്തരശേഷം കരിശിങ്കൽ നിന്നു ഞാൻ വേലചെയ്തു. ആദ്യം രക്ഷിക്കപ്പെടുവാൻ ഞാൻ വേലചെയ്തു. ഇപ്പോൾ ഞാൻ രക്ഷിക്കപ്പെട്ടതുകൊണ്ടു വേലചെയ്യുന്നു." വീണ്ടും അവൻ പറയുന്നതു്, "ആദ്യമായി ഞാൻ ക്രിസ്തുവിൽ വിശ്വസിച്ചശേഷം എന്റെ മുറിയിൽനിന്നു ഞാൻ പുറത്തേക്കു വന്നതായ പ്രഭാതകാലം ഞാൻ ഓൎക്കുന്നു. അതിനു മുൻപൊരിക്കലും ഉണ്ടായിട്ടില്ലാത്ത പ്രകാശത്തോടുകൂടി ആ ഉഷഃകാലത്തു സൂൎയ്യൻ ഉദിച്ചു എന്നു ഞാൻ വിചാരിക്കുന്നു. അതു് എന്നെ നോക്കി പുഞ്ചിരിയിട്ടുകൊണ്ടിരുന്നു എന്നു് എനിക്കു തോന്നി. "ബോസ്റ്റണിലെ

ക്കൂടി ഞാൻ നടന്നുകൊണ്ടിരുന്നപ്പോൾ വൃക്ഷങ്ങളിൽ ഇരുന്നുകൊണ്ടു പക്ഷികൾ പാടുന്നതു ഞാൻ കേട്ടു. അവയെല്ലാം എന്നെ ഉദ്ദേശിച്ചു പാടിയെന്നാണു ഞാൻ വിചാരിച്ചതു്."

അപ്പോൾ മുതൽ മൂഡി ഉത്സാഹംകൊണ്ടും യജമാനനെക്കുറിച്ചുള്ള സ്നേഹംകൊണ്ടും കവിഞ്ഞൊഴുകിത്തുടങ്ങി. എന്നാൽ അവൻ പതിവായി പൊയ്ക്കൊണ്ടിരുന്നപള്ളിയിലെ യാഥാസ്ഥിതികന്മാരായ ഡീക്കന്മാരിൽനിന്നും സഭാംഗങ്ങളിൽനിന്നും വല്ല സഹായമാകട്ടെ പ്രോത്സാഹനമാകട്ടെ ലഭിച്ചില്ല. തന്റെ മാനസാന്തരത്തിന്റെ പിറേറ ആണ്ടിൽ "ക്രിസ്തീയോപദേശത്തിൽ വേണ്ടവിധം അഭ്യസിപ്പിക്കപ്പെട്ടിട്ടില്ല" എന്നുള്ള കാരണം പറഞ്ഞു സഭാംഗനിലയിൽനിന്നു തള്ളപ്പെട്ടു. അവനെ പരിശോധിച്ച കമ്മററിയിൽപെട്ട മൂന്നംഗങ്ങൾ ദൈവത്തിന്റെ വഴിയിൽ അവനെ പൂർണ്ണമായി അഭ്യസിപ്പിക്കുന്നതിന് നിയമിക്കപ്പെട്ടു.

൧൮൫൬-ൽ അതായതു തന്റെ മാനസാന്തരത്തിന്റെ രണ്ടാം ആണ്ടിൽ മൂഡി ചിക്കാഗോയിലേക്കുപോയി. അവിടെ അവൻ പ്ലിമൊത്ത്കോൺഗ്രിഗേഷനൽ സഭയോടു ചേൎന്നു. തന്റെ ആത്മാവും ഊൎജ്ജിതവുമെല്ലാം ആത്മാക്കളെ ആദായപ്പെടുത്തുവാൻ സമൎപ്പിച്ചുകൊണ്ടു് വളരെ ഉത്സാഹമുള്ള ഒരു ക്രിസ്തീയ വേലക്കാരനായിത്തീൎന്നു. ഞായറാഴ്ചതോറും പള്ളിയിലേ ഇരിപ്പിടങ്ങളിൽ യൌവനക്കാരെ വിളിച്ചുകൊണ്ടു വന്നിരുത്തി ആരാധനകളിൽ സംബന്ധിപ്പിച്ചു. അവൻ ഇതു് അധികാധികം തുടൎന്നുകൊണ്ടിരുന്നു. ഈ അവസരത്തിൽ ഫിന്നിയുടെ ഉണൎവ്വവേലകൾ ചിക്കാഗോയിലെത്തി. ആ കാലം മൂഡിയുടെ ആരംഭദശയായിരുന്നു. ഈ ഉണൎവ്വിനിടയിൽ മൂഡി ഒരു നല്ല ചെരിപ്പു വില്പനക്കാരനായി സഞ്ചരിച്ചുകൊണ്ടിരുന്നു. (തുടരും)

# സുവിശേഷപ്രചരണഫണ്ട്.

| | രൂ. | ണ. |
|---|---|---|
| കവുങ്ങുംപ്രയാർ | 3 | |
| മിസ്സസ്സ് വി. ഐ. ഈശോ | 1 | |
| പുളിക്കീഴ് | 3 | |
| ചെറിയാന്തുർ | 2 | |
| വെട്ടിപ്പുറം | ,, | 8 |
| സി. കെ. എം. | ,, | 8 |
| മണമരുതി | 4 | |
| കമ്പനാട്ട് | 3 | |
| കണച്ചുകുളം | 1 | |
| സീയോൻകുന്നു് | 1 | |
| ബഥേൽ | 1 | |
| മഞ്ഞിനിക്കര | 1 | |
| മൈലപ്രാ | 2 | |
| വെണ്ണിത്തല | 2 | |
| ഉരുട്ടുപാറ | 1 | |
| ആകെ | 26 | |

കണ്ടു. അടുത്തുചെന്നു് എന്റെ കൈ

ന്നു് എനിക്കു തോന്നി. "ബോസ്റ്റണിലെ

# കൊടുക്കുന്നതിനെക്കുറിച്ചുള്ള ഒരു നല്ലപാഠം.

രണ്ടു ക്രിസ്തീയ ധനികന്മാർ ലോകം ചുററി യാത്രചെയ്തുകൊണ്ടിരുന്നു. അവർ കൊറിയായിൽ എത്തിയപ്പോൾ അവിടെയുള്ള ഒരു വയലിൽവെച്ചു ഒരു കുട്ടി, കലപ്പ വലിക്കുന്നതും ഒരു വൃദ്ധൻ അതിന്റെ വേഴപ്പടിയിന്മേൽ പിടിച്ചു നടത്തുന്നതും കാണുകയുണ്ടായി. മൃഗങ്ങൾ അല്ലാതെ മനുഷ്യൻ കലപ്പ വലിക്കുന്നതു് ഇതിനു മുൻപു കണ്ടിട്ടില്ലായ്കയാൽ യാത്രക്കാർ അത്ഭുതപ്പെട്ടു് അതേ നിലയിൽ അവരുടെ പടം എടുത്തുകൊണ്ടു് അവർ ആ സ്ഥലത്തു താമസിക്കുന്ന മിഷ്യനറിയുടെ അടുക്കൽ ചെന്നു കാളയോ കുതിരയോ ഒന്നും കൂടാതെ ഇവർതന്നെ ഉഴുതക്കവണ്ണം അത്ര ദരിദ്രന്മാരാണോ ഇവർ? എന്നു ചോദിച്ചു. അപ്പോൾ മിഷ്യനറി അവരോടു ഇങ്ങനെ പറഞ്ഞു. "അവർ സാധുക്കൾതന്നെ. എന്നാൽ ഞങ്ങൾ ഒരു ചെറിയ സഭാമന്ദിരം പണിയിച്ചപ്പോൾ അതിനു് എന്തെങ്കിലും ഒരു സഹായം ചെയ്വാൻ അവർ ആഗ്രഹിച്ചു. അവക്കു പണം ഇല്ലാതിരുന്നതുകൊണ്ടു അവരുടെ ഏകസമ്പത്തായ കാളയെ വിററു ആ പണം സഭയിൽ കൊടുത്തു ഇങ്ങിനെ മന്ദിരത്തിന്റെ പണിയിൽ അവർ പങ്കുകൊണ്ടതിനാൽ സന്തോഷിച്ചു. അവക്കു യാതൊരു പിറുപിറുപ്പുമുണ്ടായില്ലെന്നു മാത്രമല്ല ഒരു ദൈവിക സംഗതിക്കു തങ്ങളുടെ സമ്പത്തു വിൽക്കാൻ ഇടയായതു വലിയ ഭാഗ്യമെന്നു അവർ വിചാരിക്കയും ചെയ്തു. ഇതു തന്നെയാണു അവർ താനേ കലപ്പവലിച്ചു് ഉഴുവാനുള്ള കാരണം.

ഈ യാത്രക്കാരിൽ ഒരുവൻ ഒരു വക്കീലായിരുന്നു. അയാൾ സ്വദേശത്തു എത്തിയശേഷം താൻ [illegible] സഭയിലെ ശുശ്രൂഷകന്റെ അടുക്കൽ ചെന്നു ഇപ്രകാരം പറഞ്ഞു. "സഭയ്ക്കു ഞാൻ വാഗ്ദാനം ചെയ്ത സംഖ്യ ഇരട്ടി ആക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഉഴുന്ന വേലയോ മററുവല്ലതുമോ എനിക്കു തന്നാലും ഞാൻ ചെയ്തുകൊള്ളാം. സഭയ്ക്കുവേണ്ടി എത്രത്തോളം ത്യാഗം ചെയ്യണമെന്നു ഞാൻ അറിഞ്ഞിരുന്നില്ല. മനസ്സറിഞ്ഞ ഒരു പുറജാതിയിൽനിന്നാണ് ഞാൻ ഈ വലിയ സംഗതി പഠിച്ചതു്. എനിക്കു എന്തെങ്കിലും ഒരു നഷ്ടമുണ്ടാകത്തക്കവണ്ണം ഞാൻ ഇതുവരെ ഒന്നും കൊടുത്തിട്ടില്ലല്ലോ എന്നു ഞാൻ ലജ്ജയോടു കൂടി പറഞ്ഞുകൊള്ളുന്നു.

നാം പൂൎണ്ണഹൃദയത്തോടുകൂടി വിശ്വസിക്കുന്ന സംഗതിക്കു കൊടുക്ക എന്നുള്ളതു് വാസ്തവത്തിൽ ഒരു പദവിയാകുന്നു. കർത്താവിന്റെ വേല ഐശ്വര്യമായി നടന്നു കാണ്മാൻ നാം വാഞ്ഛിക്കുമ്പോൾ ത്യാഗം ഒരു പദവിയായി നാം വിചാരിക്കും.

കണ്ടു. അടുത്തുചെന്നു് എന്റെ കൈ ... ന്നു് എനിക്കു തോന്നി. "പ്രോസ്റ്റണി

# അനുഗ്രഹകരമായ വർഷാന്ത്യയോഗങ്ങൾ.

ദൈവഭൃത്യനായ ഹാൻഡ്‌ലി ബേർഡ് സാല്ട്ട് അവർകൾ ൧൯൩൭-ന്റെ അവസാനത്തിലും ഈ നാട്ടിൽ വന്ന് അനുഗ്രഹപൂർണ്ണമായ യോഗങ്ങൾ നടത്തുകയുണ്ടായി. പുതുപ്പള്ളി, കല്ലിശ്ശേരി, കിഴക്കൻമുത്തൂർ, കമ്പനാട്ട്, റാന്നി, മൈലപ്ര, ഇടയാറൻമുള എന്നീ സ്ഥലങ്ങളിൽ തുടർന്ന വേദപുസ്തക ക്ലാസുകളും സുവിശേഷപ്രസംഗങ്ങളും നടന്നു. അഗാധമായ വേദപരിജ്ഞാനം, ദൈവചൈതന്യം, ശക്തി, ഉപദേശഭംഗി എന്നിവ ഒന്നുചേർന്ന പരിലസിക്കുന്ന ഈ മീററിംഗുകളിൽ സംബന്ധിച്ചിട്ടുള്ള ഒരുത്തരും അസന്തുഷ്ടരായി പോയിട്ടുണ്ടെന്നു തോന്നുന്നില്ല. വാർദ്ധക്യം ഈ ദൈവഭൃത്യന്റെ ശക്തി വർദ്ധിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളു. ഇദ്ദേഹം മുഖാന്തരമുള്ള പ്രയോജനത്തെ വിചാരിച്ചോ ഇദ്ദേഹത്തിന്റെ ശ്രുതിഗൌരവം കണ്ടു ഭയന്നോ ആയിരിക്കണം ഇത്ര വയസ്സായിട്ടും വയോഹാനി അദ്ദേഹത്തെ അണയാതെ കഴിഞ്ഞുനിൽക്കുന്നതു് എന്നു തോന്നിപ്പോകുന്നു. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ ദൈവത്തിന്റെ പ്രാകാരത്തിൽ തഴച്ച വാർദ്ധക്യത്തിലും ഫലം കായിച്ചുകൊണ്ടു നിൽക്കുന്ന ഇദ്ദേഹം ഇനിയും വളരെക്കാലം ജീവിച്ചു പ്രവർത്തിപ്പാൻ സർവ്വശക്തൻ സഹായിക്കട്ടെ.

ബേർഡ്സാല്ട്ട് അവർകളോടു കൂടി മെസ്സേഴ്സ് ഏ. സ്ലട്ടർ, ജോർജ്ജ് ബ്ലാക്ക് എന്നീ മിഷ്യനറിമാരും, കമ്പനാട്ട്, ഇടയാറൻമുള എന്നീ സ്ഥലങ്ങളിൽ സഹകരിച്ചു പ്രവർത്തിച്ചു എന്നുള്ളതും പ്രസ്താവ്യമത്രെ.

# പലസ്തീൻനാട്ടിലെ ആദിമനിവാസികൾ

1. റഫായിം=കിളരമുള്ളവർ. ഈ പേർ പുതിയനിയമത്തിൽക്കൂടെക്കൂടെ വരുന്നുണ്ട്. രാക്ഷസന്മാർ എന്നാണ് ഈ പദത്തിന്റെ തർജ്ജമ. ഇവർ ബാശാൻ മലമേടുകളിൽ പാർത്തുവന്നു. പക്ഷെ അസ്തരോത്‌കർന്നയീം ആണ് പ്രധാന നഗരം. ഇസ്രായേൽക്കാർ ജയിച്ചു കീഴടക്കിയ ബാശാനിലെ രാജാവായ ഓഗ് ഈ വർഗ്ഗത്തിൽപെട്ട ഒരുവനായിരുന്നു. യോർദ്ദാന്റെ പടിഞ്ഞാറുവശത്തും ഇവർ പാർത്തിരുന്നുവെന്നു വിചാരിക്കാം. കാരണം ഇവരുടെ പേരുള്ള ഒരു താഴ്‌വര അവിടെ ഉണ്ടായിരുന്നു. ൨ ശമൂ. ൫:൧൮.

2. സൂസിം=പൊക്കമുള്ളവർ. ഉല്പത്തി ൧൪:൫-ൽ കാണുന്ന സംസുമ്മി വർഗ്ഗക്കാർ തന്നെ ഇവർ. ഇവരുടെ പ്രധാന നഗരം ഹാം ആയിരുന്നു എന്നു ഉല്പ: ൧൪:൫-ൽ കാണുന്നു. ഇവർ യോർദ്ദാന്റെ കിഴക്കുള്ള പീഠഭൂമികളിലും ബാശാന്റെ തെക്കു ഗിലയാദിലും പാർത്തുവന്നു. റഫായിംകാരെപ്പോലെ ഇവരും രാക്ഷസന്മാരായിരുന്നു. (ആവ. ൨:൨൦)

3. എമിം=ഭയങ്കരന്മാർ. ഇവരും രാക്ഷസന്മാർ തന്നെ (ആവ. ൨:൧൦; ൧൧) ഇവർ മോവാബിലെ പൂർവ്വനിവാസികളായിരുന്നു.

4. ഹോറിം=ഗുഹകളിൽ പാർക്കുന്നവർ. ചാവുകടലിന്നു തെക്കുള്ള സേയിർ

# അനുഗ്രഹകരമായ വർഷാന്ത്യയോഗങ്ങൾ.

ദൈവഭൃത്യനായ ഹാൻഡ്‌ലി ബേർഡ് സായ്പ് അവർകൾ ൧൯൩൭-ന്റെ അവസാനത്തിലും ഈ നാട്ടിൽ വന്ന് അനുഗ്രഹപൂർണ്ണമായ യോഗങ്ങൾ നടത്തുകയുണ്ടായി. പുതുപ്പള്ളി, കല്ലിശ്ശേരി, കിഴക്കൻമുത്തൂർ, കമ്പനാട്ട്, റാന്നി, മൈലപ്ര, ഇടയാറൻമുള എന്നീ സ്ഥലങ്ങളിൽ തുടർന്ന് വേദപുസ്തക ക്ലാസുകളും സുവിശേഷപ്രസംഗങ്ങളും നടന്നു. അഗാധമായ വേദപരിജ്ഞാനം, ദൈവചൈതന്യം, ശക്തി, ഉപദേശഭംഗി എന്നിവ ഒന്നുചേർന്നു പരിലസിക്കുന്ന ഈ മീററിംഗുകളിൽ സംബന്ധിച്ചിട്ടുള്ള ഒരുത്തനും അസന്തുഷ്ടരായി പോയിട്ടുണ്ടെന്നു തോന്നുന്നില്ല. വാർദ്ധക്യം ഈ ദൈവഭൃത്യന്റെ ശക്തി വർദ്ധിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളു. ഇദ്ദേഹം മുഖാന്തരമുള്ള പ്രയോജനത്തെ വിചാരിച്ചോ ഇദ്ദേഹത്തിന്റെ ശുഭ്രഗൌരവം കണ്ടു ഭയന്നോ ആയിരിക്കണം ഇത്ര വയസ്സായിട്ടും വയോഹാനി അദ്ദേഹത്തെ അണയാതെ കഴിഞ്ഞുനിൽക്കുന്നത് എന്നു തോന്നിപ്പോകുന്നു. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ ദൈവത്തിന്റെ പ്രാകാരത്തിൽ തഴച്ചു വാർദ്ധക്യത്തിലും ഫലം കായിച്ചുകൊണ്ടു നിൽക്കുന്ന ഇദ്ദേഹം ഇനിയും വളരെക്കാലം ജീവിച്ചു പ്രവർത്തിപ്പാൻ സർവ്വശക്തൻ സഹായിക്കട്ടെ.

ബേർഡ് സായ്പ് അവർകളോടു കൂടി മെസ്സേഴ്സ് ഏ. സ്ലട്ടർ, ജോർജ്ജ് ബ്ലാക്ക് എന്നീ മിഷ്യനറിമാരും, കമ്പനാട്ട്, ഇടയാറൻമുള എന്നീ സ്ഥലങ്ങളിൽ സഹകരിച്ചു പ്രവർത്തിച്ചു എന്നുള്ളതും പ്രസ്താവ്യമത്രെ.

# പലസ്തീൻനാട്ടിലെ ആദിമനിവാസികൾ

1. രഫായിം=കിളരമുള്ളവർ. ഈ പേർ പുതിയനിയമത്തിൽക്കൂടെക്കൂടെ വരുന്നുണ്ട്. രാക്ഷസന്മാർ എന്നാണ് ഈ പദത്തിന്റെ തർജ്ജമ. ഇവർ ബാശാൻ മലമേടുകളിൽ പാർത്തുവന്നു. പക്ഷെ അസ്തരോത്ത്കർന്നയീം ആണ് പ്രധാന നഗരം. ഇസ്രായേൽക്കാർ ജയിച്ചു കീഴടക്കിയ ബാശാനിലെ രാജാവായ ഓഗ് ഈ വർഗ്ഗത്തിൽപെട്ട ഒരുവനാണല്ലോ. യോർദ്ദാന്റെ പടിഞ്ഞാറുവശത്തും ഇവർ പാർത്തിരുന്നുവെന്നു വിചാരിക്കാം. കാരണം ഇവരുടെ പേരുള്ള ഒരു താഴ്‌വര അവിടെ ഉണ്ടായിരുന്നു. ൨ ശമു. ൫:൧൮.

2. സൂസിം=പൊക്കമുള്ളവർ. ആവർത്തനം ൨:൨൦-ൽ കാണുന്ന സംസുമ്മി വർഗ്ഗക്കാർ തന്നെ ഇവർ. ഇവരുടെ പ്രധാന നഗരം ഹാം ആയിരുന്നു എന്നു ഉല്പ: ൧൪:൫-ൽ കാണുന്നു. ഇവർ യോർദ്ദാന്റെ കിഴക്കുള്ള പീഠഭൂമികളിലും ബാശാന്റെ തെക്കും ഗിലയാദിലും പാർത്തുവന്നു. രഫായിംകാരെപ്പോലെ ഇവരും രാക്ഷസന്മാരായിരുന്നു. (ആവ. ൨:൧൧)

3. ഏമിം=ഭയങ്കരന്മാർ. ഇവരും രാക്ഷസന്മാർ തന്നെ (ആവ. ൨:൧൦; ൧൧) ഇവർ മോവാബിലെ പൂർവ്വനിവാസികളായിരുന്നു.

4. ഹോറിം=ഗുഹകളിൽ പാർക്കുന്നവർ. ചാവുകടലിനു തെക്കുള്ള സേയിർ

പർവ്വതത്തിൽ ഇവർ പാർത്തു. ഏശാവിന്റെ സന്തതികളായ ഏദോംകാർ ഇവരുടെ പിൻതുടർച്ചക്കാരായിരുന്നു. അവരുടെ വംശാവലി കാണ്മാൻ ഉല്പ: ൩൬: ൪൦, ൪൩; ൧. നാള. ൧: ൫൧-൫൪ നോക്കിയാൽ മതി.

5. ആവിം=നാശം, നാശത്തിൽ കുടിപാർക്കുന്നവർ (ആവ. ൨: ൨൩) ഇവരുടെ വാസസ്ഥലം യോർദ്ദാന്റെ പടിഞ്ഞാറുഭാഗമായിരുന്നുഎന്നു യോശുവ. ൧൩. ൩, ൪. വാക്യങ്ങൾ കൊണ്ടു ഗ്രഹിക്കാം. കാരണം അവരുടെ സ്ഥലങ്ങൾ ഇസ്രായേലിനു ദേശം വിഭാഗിച്ചുകൊടുത്തപ്പോൾ കൈവശപ്പെട്ടതേണ്ട ദേശങ്ങളായിട്ടാണ് കാണുന്നതു്.

6. അനാകിം=നീണ്ട കഴുത്തുള്ളവർ. ഇവരുടെ പ്രധാന സ്ഥലം ഹെബ്രോനായിരുന്നു. യോശുവ. ൧൪: ൧൫. കിർയ്യാത്തർബ്ബ എന്നു വിളിച്ചുവന്നു. അതിനെഅവർ പുസ്തകങ്ങളുടെ പട്ടണമെന്ന് അർത്ഥമുള്ള കിർയ്യാത്ത്സേഫെർ എന്ന് ഒരു നഗരവും ഉണ്ടായിരുന്നു. ഈ നഗരനാമത്തിൽനിന്ന് അവരുടെ ഇടയിൽ ഒരു മാതിരി സാഹിത്യമുണ്ടായിരുന്നതായുംവിചാരിക്കാം. സംഖ്യ ൧൩-ാം അദ്ധ്യായത്തിൽ ഇസ്രായേൽക്കാരായ ഒറ്റുകാർ അനാക്യരെ ഭയപ്പെടുന്നതായി കാണുന്നു. എങ്കിലും പിന്നീടു ഇസ്രായേൽക്കാർ അവരെ കീഴടക്കിക്കളഞ്ഞു. "അവിടെനിന്നു കാലേബ് അനാക്കിന്റെ പുത്രന്മാരായ ശേശായി, അഹീമാൻ, തൽമായി എന്നീ മൂന്നു അനാക്യരെ നീക്കിക്കളഞ്ഞു. അവിടെനിന്നു അവൻ ദെബീർ നിവാസികളുടെ നേരെ ചെന്നു; ദെബീരിന്റെ മുൻപിലത്തെ പേർ കിർയ്യത്ത്-സേഫെർഎന്നായിരുന്നു."യോശു. ൧൫:൧൪, ൧൫.

# പരീക്ഷയും വീഴ്ചയും.

(റോബർട്ട് ചാപ്മൻ)

കൃപ ഉപദ്രവത്തിന്റെ രൂപത്തിൽ വരുമ്പോൾ അതിനെ കരുണ എന്നു വിളിക്കുന്നതിന് പലർക്കും പ്രത്യേകകൃപയും കാലതാമസവും വേണ്ടിവരുന്നു. ഈ താമസത്തിന് ആവശ്യമില്ലാത്തവർ ഭാഗ്യവാന്മാർ.

ഹെസക്കിയായിക്കു ശത്രു അയച്ചുകൊടുത്തു് അവനെ ദൈവസന്നിധിയിലേക്ക് ഓടിച്ചു. എന്നാൽ രാജാവിന്റെ മുഖസ്തുതി കേട്ടപ്പോൾ അവന്റെ കാൽ വലയിലായി.

ചില പരീക്ഷകളോടുള്ള നല്ല എതിർപ്പ് അവയെ വിട്ടു ഓടിപ്പോകുന്നതാണ്.

ആത്മാവിന്റെ ദുരവസ്ഥയും പരീക്ഷാനിലയും വക തിരിച്ചറിയണം. യോബു തന്റെ പ്രയാസഘട്ടത്തിൽ പരീക്ഷാനിലയിലായിരുന്നു. തന്റെ

പർവ്വതത്തിൽ ഇവർ പാർത്തു. ഏശാവിന്റെ സന്തതികളായ ഏദോംകാർ ഇവരുടെ പിൻതുടർച്ചക്കാരായിരുന്നു. അവരുടെ വംശാവലി കാണ്മാൻ ഉല്പ: ൩൬: ൯, ൨൦; ൧. ദിന. ൧: ൩൮-൪൨ നോക്കിയാൽ മതി.

5. ആവിം=നാശം, നാശത്തിൽ കടിപ്പിക്കുന്നവർ (ആവ. ൨: ൨൩) ഇവരുടെ വാസസ്ഥലം യോർദ്ദാന്റെ പടിഞ്ഞാറുഭാഗമായിരുന്നുഎന്നു യോശുവ. ൧൩. ൩, ൪. വാക്യങ്ങൾ കൊണ്ടു ഗ്രഹിക്കാം. കാരണം അവരുടെ സ്ഥലങ്ങൾ ഇസ്രായേലിനു ദേശം വിഭാഗിച്ചുകൊടുത്തപ്പോൾ കൈവശപ്പെട്ടത്തേണ്ട ദേശങ്ങളായിട്ടാണ് കാണുന്നതു്.

6. അനാക്കിം—നീണ്ട കഴുത്തുള്ളവർ. ഇവരുടെ പ്രധാന സ്ഥലം ഹെബ്രോനായിരുന്നു. യോശുവ. ൧൫: ൧൩. കിർയ്യാത്തർബ എന്നു വിളിച്ചുവന്നു. അതിനെഅവർ പുസ്തകങ്ങളുടെ പട്ടണമെന്ന് അർത്ഥമുള്ള കിർയ്യാത്ത്സേഫെർ എന്ന് ഒരുനഗരവും ഉണ്ടായിരുന്നു. ഈ നഗരനാമത്തിൽനിന്ന് അവരുടെ ഇടയിൽ ഒരു മാതിരി സാഹിത്യമുണ്ടായിരുന്നതായുംവിചാരിക്കാം. സംഖ്യ ൧൩-ാം അദ്ധ്യായത്തിൽ ഇസ്രായേൽക്കാരായ ഒറ്റുകാർ അനാക്കുകാരെ ഭയപ്പെട്ടുന്നതായി കാണുന്നു. എങ്കിലും പിന്നീട്ടു ഇസ്രായേൽക്കാർ അവരെ കീഴടക്കിക്കളഞ്ഞു. "അവിടെനിന്നു കാലേബ് അനാക്കിന്റെ പുത്രന്മാരായ ശേശായി, അഹീമാൻ, തൽമായി എന്നീ മൂന്നു അനാക്യരെ നീക്കിക്കളഞ്ഞു. അവിടെനിന്നു അവൻ ദെബീർ നിവാസികളുടെ നേരെ ചെന്നു; ദെബീരിന്റെ മുൻപിലത്തെ പേർ കിർയ്യത്ത്-സേഫെർഎന്നായിരുന്നു."യോശു. ൧൫:൧൪, ൧൫.

---

# പരീക്ഷയും വീഴ്ചയും.

(റോബർട്ട് ചാപ്മെൻ)

കൃപ ഉപദ്രവത്തിന്റെ രൂപത്തിൽ വരുമ്പോൾ അതിനെ കരുണ എന്നു വിളിക്കുന്നതിന് പലർക്കും പ്രത്യേകകൃപയും കാലതാമസവും വേണ്ടിവരുന്നു. ഈ താമസത്തിന് ആവശ്യമില്ലാത്തവർ ഭാഗ്യവാന്മാർ.

ഹെസക്കിയായിക്കു ശത്രു അയച്ചുകൊടുത്ത് അവനെ ദൈവസന്നിധിയിലേക്ക് ഓടിച്ചു. എന്നാൽ രാജാവിന്റെ മുഖസ്തുതി കേട്ടപ്പോൾ അവന്റെ കാൽ വലയിലായി.

ചില പരീക്ഷകളോടുള്ള നല്ല എതിർപ്പ് അവയെ വിട്ടു ഓടിപ്പോകുന്നതാണ്.

ആത്മാവിന്റെ ദുരാവസ്ഥയും പരീക്ഷാനിലയും വക തിരിച്ചറിയണം. യോബു തന്റെ പ്രയാസഘട്ടത്തിൽ പരീക്ഷാനിലയിലായിരുന്നു. തന്റെ

ദുഃഖത്തിൽ അവൻ ഇങ്ങനെ പറയുന്നു "അയ്യോ, പണ്ടത്തെ മാസങ്ങളിലെപ്പോലെ ആയെങ്കിൽ കൊള്ളായിരുന്നു." (ഇയ്യോബ്. ൨൯: ൨.) എന്നാൽ മാളികയിൽ ലാത്തുവാൻ ദാവീദ് കിടക്കയിൽ നിന്ന് എഴുന്നേറ്റപ്പോൾ അവന്റെ ആത്മാവു മൃതാവസ്ഥയിലായിരുന്നു. (൨ ശമു. ൧൧: ൨.) പരീക്ഷയെക്കുറിച്ചു യോബിന്റെ മനസ്സിലായി. ദാവീദോ തന്റെ ആപത്തിനെക്കുറിച്ചു ഉണർന്നില്ല.

പിശാചു പലപ്പോഴും തന്ത്രജ്ഞനായ കച്ചവടക്കാരനെപ്പോലെ ആണ്. അവൻ ഒടുവിൽ എല്ലാം അപഹരിക്കേണ്ടതിനു തൽക്കാലത്തേക്കു അല്പം ആദായം നൽകുന്നു. ഇതുപോലെ സാത്താനും തന്റെ അധീനതയിൽ കിടക്കുന്നവർ പരസ്യപാപങ്ങളിൽനിന്ന് ഒഴിഞ്ഞുകൊള്ളുവാൻ അനുവദിച്ചേക്കാം. പക്ഷേ, അതു അവരെ സ്വയനീതിയുടേയും വ്യാജസമാധാനത്തിന്റേയും ചങ്ങലയാൽ വരിഞ്ഞു കെട്ടുന്നതിനാണ്.

ജഡാശ്രയത്താൽ നാം ദൈവാലോചന ചോദിക്കുന്നില്ല. നമ്മുടെ ജ്ഞാനം ഭോഷത്വമാണെന്നു കാണിപ്പാൻ ദൈവം ഈ ഘട്ടങ്ങളിൽ നമ്മെ വിടുന്നു. യോശുവാ ദൈവത്തോട് ആലോചന ചോദിച്ചിരുന്നെങ്കിൽ ഗിബെയോൻകാരുടെ വ്യാജചിഹ്നങ്ങൾ അവനെ വഞ്ചിപ്പാൻ സംഗതി ആകയില്ലായിരുന്നു. യോശു. ൯.

കൃപാസനത്തോടടുത്തു പാർക്കുമ്പോൾ ദൈവജനങ്ങൾക്കു തങ്ങളുടെ ദൌഷ്ട്യം വെളിപ്പെട്ടു കാണുന്നു. അവർ അവിടെ ഇരുന്ന് അതു പഠിക്കയില്ലെങ്കിൽ ഏതെങ്കിലും വലിയ ലംഘനത്താൽ അതു പഠിപ്പാൻ ദൈവം അവരെ വിടും. കുറ്റമറ്റ മനസ്സാക്ഷി ഉണ്ടായിരിപ്പാൻ പൗലൂസ് എല്ലായ്പോഴും ശ്രമിച്ചു. എങ്കിലും ദൈവത്തോടുള്ള നിരന്തര സംസർഗ്ഗത്താൽ ഹൃത്തിന്റെ വഞ്ചന അറിവാൻ അവനു സാധിച്ചു.

നമ്മുടെ അന്തർഭാഗത്തുള്ള ദോഷത്തെക്കുറിച്ചു മറവിൽ ഇരുന്നു സങ്കടപ്പെടുന്നതിനാൽ വെളിയരങ്ങായി കർത്താവിനെ അപമാനിക്കുന്നതിൽനിന്നു നാം കാത്തുകൊള്ളപ്പെടും.

യാതൊരു ദൈവ പൈതലും ഒറ്റക്ഷണംകൊണ്ടു പാപത്തിന്റെ ചെളിയിൽ വീഴുന്നില്ല. വീഴ്ച എല്ലാം ജാഗരണമില്ലായ്മയിലും, ദൈവത്തോടുള്ള രഹസ്യ സംസർഗ്ഗത്തെ അവഗണിക്കുന്നതിലും ആരംഭിക്കുന്നു. ഇങ്ങിനെ ഹൃദയത്തിൽ കടപ്പാൻ സാത്താനു ഒരു പഴുതു കിട്ടുകയും നാം അവന്റെ വലകളാൽ പിടിക്കപ്പെടുകയും ചെയ്യും.

# വിളവിനു രക്ഷ ഉണ്ടായതു്.

അടുത്തകാലത്തു ചരമം പ്രാപിച്ച ഡോക്ടർ റേറാറി താഴെ വരുന്ന വൃത്താന്തം പറഞ്ഞിരിക്കുന്നു.

സത്യവാനായ ജോൺ എന്നു ജനങ്ങൾ വിളിച്ചുവന്ന മിന്നസോട്ടായിലെ ഗവർണ്ണരുടെ കാലത്തു ആ സംസ്ഥാനത്തുള്ള കൃഷിക്കു വെട്ടുക്കിളികളെക്കൊണ്ടുള്ള ഒരു വലിയ നാശം ഉണ്ടായി. അതിന്റെ ഫലമായി ധാന്യം എല്ലാം നശിച്ചു. കൊയ്തെടുപ്പാൻ യാതൊന്നും ഉണ്ടായിരുന്നില്ല. തൽഫലമായി വലിയ ദാരിദ്ര്യം ആ സംസ്ഥാനത്തുണ്ടായി. പിറെറ ആണ്ടിലും ഈ ബാധ ഉണ്ടാകാൻ പോകുന്നതിന്റെ ചിഹ്നങ്ങൾ കണ്ടുതുടങ്ങി. കണക്കില്ലാത്ത വെട്ടുക്കിളികളുടെ നിര മേഘപടലംപോലെ ആകാശത്തെ മൂടി. ജനങ്ങൾ നിരാശരായി കണ്ണുനീർ പൊഴിപ്പാൻ തുടങ്ങി. കഴിഞ്ഞ ആണ്ടിലെ ഞെരുക്കംതന്നെ പൂർണ്ണമായി ശമിച്ചിട്ടില്ല. അതിനോടുകൂടി ഈ ആണ്ടത്തെ കഥയും ഇങ്ങനെ എന്നു വന്നാൽ അതിന്റെ ഫലം ഊഹിക്കാൻപോലും കഴിയാത്ത കഷ്ടതയായിരിക്കുമെന്നു കണ്ടു് മനുഷ്യർ ജീവച്ഛവങ്ങളായി. നാട്ടിലെ പ്രധാനികൾ കൂടി വെട്ടുക്കിളിയെ നിഷ്കാസിപ്പാൻ എന്താണു് മാർഗ്ഗമെന്നു ആലോചിച്ചു. അപ്പോൾ അടുത്ത സംസ്ഥാനത്തിലെ ഒരു ഗവർണ്ണർ ഇങ്ങിനെ പറഞ്ഞു:- "ഈ ഭയങ്കരമായ ബാധയിൽനിന്നു് ഒഴിവാൻ ഒരു വഴിയെ ഉള്ളു. സകലരും ഏകീഭവിച്ചു ഒരു പ്രാർത്ഥനാദിവസം നിശ്ചയിച്ചു് വെട്ടുക്കിളികളെ നീക്കുന്നതിനു ദൈവത്തോടു പ്രാർത്ഥിക്കണം." മിന്നസോട്ടായിലെ ഗവർണ്ണരായ ജോൺ. എസ്സ്. പിൽസ്ബറി ഇതിനനുകൂലിച്ചു. തന്റെ അരമനയിൽ വന്നു് ദൈവം ഉത്തരം നൽകുമെന്നു വിശ്വാസമുള്ള എല്ലാവരും ഇന്നദിവസത്തിൽ ആരാധനാമന്ദിരങ്ങളിൽകൂടി വെട്ടുക്കിളി നീങ്ങിക്കിട്ടുവാൻ ദൈവത്തോടു പ്രാർത്ഥിക്കണമെന്നു ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. നിശ്ചിതദിവസം സംസ്ഥാനം ഒട്ടുക്കു പ്രാർത്ഥനനടന്നു. അത്ഭുതമായ വിധത്തിൽ ഇതിനു മറുപടി ലഭിക്കയുംചെയ്തു. ചില സ്ഥലങ്ങളിൽ വലിയ കൂട്ടങ്ങളായി വെട്ടുക്കിളികൾ ചത്തുകിടന്നു. പറക്കുവാൻ കഴിയുന്നവ പറന്നു കടന്നുപോയി. സ്വല്പം ശേഷിച്ചുകിടന്നിരുന്നവ ക്രമേണ അപ്രത്യക്ഷീഭവിച്ചു വിളവിനു യാതൊരു നഷ്ടവും ഉണ്ടായില്ല. മുഴുവൻ രക്ഷപെട്ടു. ചുററുമുള്ള സംസ്ഥാനങ്ങളിൽ അതിൽ പിന്നീടു പല പ്രാവശ്യവും വെട്ടുക്കിളിയുടെ ഉപദ്രവമുണ്ടായിട്ടും 'മിന്നസോട്ട' എന്ന ഈ സംസ്ഥാനത്തു ഇന്നേവരെയും വെട്ടുക്കിളിയുടെ ഉപദ്രവമേ ഉണ്ടായിട്ടില്ല.

# വിളവിനു രക്ഷ ഉണ്ടായതു്.

അടുത്തകാലത്തു ചരമം പ്രാപിച്ച ഡോക്ടർ റേറാറി താഴെ വരുന്ന വൃത്താന്തം പറഞ്ഞിരിക്കുന്നു.

സത്യവാനായ ജോൺ എന്നു ജനങ്ങൾ വിളിച്ചുവന്ന മിന്നസോട്ടായിലെ ഗവർണ്ണറുടെ കാലത്തു ആ സംസ്ഥാനത്തുള്ള കൃഷിക്കു വെട്ടുക്കിളികളെക്കൊണ്ടുള്ള ഒരു വലിയ നാശം ഉണ്ടായി. അതിന്റെ ഫലമായി ധാന്യം എല്ലാം നശിച്ചു. കൊയ്തെടുപ്പാൻ യാതൊന്നും ഉണ്ടായിരുന്നില്ല. തൽഫലമായി വല്ലാത്ത ദാരിദ്ര്യം ആ സംസ്ഥാനത്തുണ്ടായി. പിറെറ ആണ്ടിലും ഈ ബാധ ഉണ്ടാകാൻ പോകുന്നതിന്റെ ചിഹ്നങ്ങൾ കണ്ടുതുടങ്ങി. കണക്കില്ലാത്ത വെട്ടുക്കിളികളുടെ നിര മേഘപടലംപോലെ ആകാശത്തെ മൂടി. ജനങ്ങൾ നിരാശരായി കണ്ണുനീർ പൊഴിപ്പാൻ തുടങ്ങി. കഴിഞ്ഞ ആണ്ടിലെ ദണ്ഡനംതന്നെ പൂർണ്ണമായി ശമിച്ചിട്ടില്ല. അതിനോടുകൂടി ഈ ആണ്ടത്തെ കഥയും ഇങ്ങനെ എന്നു വന്നാൽ അതിന്റെ ഫലം ഊഹിക്കാൻപോലും കഴിയാത്ത കഷ്ടതയായിരിക്കുമെന്നു കണ്ടു് മനുഷ്യർ ജീവച്ഛവങ്ങളായി. നാട്ടിലെ പ്രധാനികൾ കൂടി വെട്ടുക്കിളിയെ നിഷ്കാസിപ്പാൻ എന്താണു് മാർഗ്ഗമെന്നു ആലോചിച്ചു. അപ്പോൾ അടുത്ത സംസ്ഥാനത്തിലെ ഒരു ഗവർണ്ണർ ഇങ്ങിനെ പറഞ്ഞു:- "ഈ ഭയങ്കരമായ ബാധയിൽനിന്നു് ഒഴിവാൻ ഒരു വഴിയെ ഉള്ളു. സകലരും ഏകീഭവിച്ചു ഒരു പ്രാർത്ഥനാദിവസം നിശ്ചയിച്ചു് വെട്ടുക്കിളികളെ നീക്കുന്നതിനു ദൈവത്തോടു പ്രാർത്ഥിക്കണം. മിന്നസോട്ടായിലെ ഗവർണ്ണരായ ജോൺ. എസ്. പിൽസ്ബറി ഇതിനനുകൂലിച്ചു. തന്റെ അരമനയിൽ വന്നു് ദൈവം ഉത്തരം നൽകുമെന്നു വിശ്വാസമുള്ള എല്ലാവരും ഇന്നദിവസത്തിൽ ആരാധനാമന്ദിരങ്ങളിൽകൂടി വെട്ടുക്കിളി നീങ്ങിക്കിട്ടുവാൻ ദൈവത്തോടു പ്രാർത്ഥിക്കണമെന്നു ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. നിശ്ചിതദിവസം സംസ്ഥാനം ഒട്ടുക്കു പ്രാർത്ഥനനടന്നു. അൽഭുതമായ വിധത്തിൽ ഇതിനു മറുപടി ലഭിക്കയുംചെയ്തു. ചില സ്ഥലങ്ങളിൽ വലിയ കൂട്ടങ്ങളായി വെട്ടുക്കിളികൾ ചത്തുകിടന്നു. പറക്കുവാൻ കഴിയുന്നവ പറന്നു കടന്നുപോയി. സ്വല്പം ശേഷിച്ചുകിടന്നിരുന്നവ ക്രമേണ അപ്രത്യക്ഷീഭവിച്ചു വിളവിനു യാതൊരു നഷ്ടവും ഉണ്ടായില്ല. മുഴുവൻ രക്ഷപെട്ടു. ചുററുമുള്ള സംസ്ഥാനങ്ങളിൽ അതിൽ പിന്നീടു പല പ്രാവശ്യവും വെട്ടുക്കിളിയുടെ ഉപദ്രവമുണ്ടായിട്ടും 'മിന്നസോട്ട' എന്ന ഈ സംസ്ഥാനത്തു ഇന്നേവരെയ്ക്കും വെട്ടുക്കിളിയുടെ ഉപദ്രവമേ ഉണ്ടായിട്ടില്ല.

# ചില പ്രധാന സത്യങ്ങൾ.

൧. ഭൂമിയും അതിലുള്ള സകല വസ്തുക്കളും ആദിയിൽ ഉത്തമമായി സൃഷ്ടിക്കപ്പെട്ടു.

വേദസാക്ഷ്യം:- ഉല്പ. ൧: ൩൧; സങ്കീ. ൧൦൪: ൨൪; പ്രസം. ൩: ൧൧; ഇയ്യോ. ൩൮: ൪-൭:

ഇതര സാക്ഷ്യം: ഡാക്ടർ ചാമേഴ്സ് ഈ വിഷയത്തെപ്പററി പറയുന്നതാവിതു്:- ദൈവം തന്റെ സൃഷ്ടിയുടെ അന്ത്യഘട്ടം കഴിഞ്ഞിട്ടു് ഭൂമി, ജലം, ആകാശവിതാനം, പച്ച സസ്യങ്ങൾ, പ്രാണിവർഗ്ഗം എന്നിവയെയും അവയുടെമേൽ വാഴുവാൻ താൻ നിർമ്മിച്ച മനുഷ്യനെയും വീണ്ടും നോക്കി. എല്ലാവറെറയും താൻ കണ്ടു. ഇതാ, അവ ഉത്തമമായിരുന്നു.

ഡാക്ടർ ആഡംക്ലാർക്ക്:- ഓരോന്നും അതിന്റെ അത്യന്തമായ സ്വാഭാവികപൂർണ്ണതയിൽ കേവലം അവസ്ഥ നന്നായിരിപ്പാൻ കഴിയുന്നിടത്തോളം നന്നായി, അർത്ഥാൽ ഉത്തമമായ നിലയിൽ നിർമ്മിക്കപ്പെട്ടു.

൨. മനുഷ്യന്റെ ലംഘനംനിമിത്തം ഭൂമിയും അതിൽപെട്ട സമസ്തവും ശാപത്തിനും, ദുഃഖം, മായ മരണം എന്നിവയ്ക്കും അധീനമായിത്തീർന്നു.

വേദസാക്ഷ്യം:- ഉല്പ. ൩: ൧൭-൧൯; പ്രസം: ൧: ൨; പ്രസം. ൨: ൧൭, ൨൨, ൨൩; യെശ. ൨൪: ൬; റോമ. ൮: ൨൦, ൨൨.

ഇതരസാക്ഷ്യം: ഡാക്ടർ ജെയിംസ്മാക്ക്നൈററു്- ദൈവത്താൽ ആമൃത്യസന്തതിക്കു കൊടുക്കപ്പെട്ട ജീവൻ കഷ്ടവും അദ്ധ്വാനവുംകൊണ്ടു്, ക്രമേണ മരണകൂപത്തിൽ ചെന്നു വീഴത്തക്കവണ്ണം ആദ്യമനുഷ്യന്റെ പാപം അവന്റെ സന്തതിയുടെമേൽ ക്രമണം ചെയ്വാൻ സംഗതിവന്നിരിക്കുന്നു.

ഡാക്ടർ ആൽബെർട്ട്ബാർനസ്:— എല്ലാവരും ഇവിടെ അസ്വാസ്ഥ്യതയും ശിക്ഷയും മരണവും അനുഭവിക്കുന്നു എന്നുള്ളതു വാസ്തവമാകുന്നു. അതിന്റെ കാരണം എന്തു്? എല്ലാവരും പാപം ചെയ്യുന്നിമിത്തം എന്താണിതിനു മറുപടി. ഇതു മതിയായ ഒരു മറുപടിയുമാകുന്നു.

ഡാക്ടർ ആഡംക്ലാർക്ക്, മുള്ളുകൾ, പറക്കാരകൾ ഇവ ഭൂമിയിൽ വർദ്ധിപ്പാനുള്ള കാരണം കാണിച്ചശേഷം പറയുന്നതാവിതു്:- ഭൂമിയെ അതിന്റെ നിവാസികളുടെ കുററം നിമിത്തം ശപിച്ചിട്ടുള്ള ശാപം പൂർത്തിയാക്കേണ്ടതിനുവേണ്ടി ദൈവം ഈ വിധമായ ഏർപ്പാടുകൾ ചെയ്തിരിക്കുന്നു.

ഹൊറേഷ്യസ്ബോണർ:- സൃഷ്ടിവേദനയാൽ ഞെളിപിരികൊണ്ടു് ആശ്വാസത്തിനായി നിലവിളിക്കുന്ന ഒരു രോഗിയെപ്പോലെയാണു്. വരൾച്ച, ക്ഷയം, മരണം, കൊടുങ്കാററു്, ഭൂകമ്പം, ഇടി, മിന്നൽ എന്നിവയെല്ലാം സൃഷ്ടിയുടെ ഞരക്കങ്ങളത്രെ. ഇപ്പോൾ സൃഷ്ടിയുടെ അടിമക്കാലമാകുന്നു. സ്വാതന്ത്ര്യനാൾ ഇനി വരുവാൻപോകുന്നു.

൩. ഭൂമിയും തത്സംബന്ധമായ ഏർപ്പാടുകളും ഇനി ഒരു കാലത്തു് ഏററവും മഹിമയേറിയ നിലയിൽ വരേണ്ടുന്നതാണു്. അപ്പോൾ പാപവും മനുഷ്യവർഗ്ഗം അനുഭവിക്കുന്ന അരിഷ്ടതയും അവസാനിക്കയും ദൈവമഹത്വം സ്പഷ്ടമായി വെളിപ്പെടുകയും ചെയ്യും.

വേദസാക്ഷ്യം: സംഖ്യ. ൧൪: ൨൧; സങ്കീ. ൭൨: ൧൮, ൧൯; യെശ. ൧൧: ൯; ൪൦: ൫; ൬൫: ൧൭, ൧൩; വെളി. ൨൧: ൪; ൨൨: ൩; മത്താ. ൬: ൧൦.

(തുടരും)